അദ്ധ്യായം 2

# വിഭവ വിശകലനം

## പാലക്കാട് ജില്ല

തരിശ്ശായ പാറപ്രദേശം എന്ന അർത്ഥമുള്ള "പാലെ" എന്ന പദവും വനപ്രദേശമെന്ന അർത്ഥമുള്ള കാട് എന്ന പദവും കൂടിച്ചേർന്ന് പാലക്കാട് എന്ന സ്ഥലനാമമുണ്ടായി എന്നൊരു പ്രബലമായ നിഗമനം ഉണ്ട്. പുരാതന കാലത്ത് ഇവിടം കേന്ദ്രീകരിച്ച് ജൈനമത സംസ്കാരം നിലനിന്നിരുന്നുവെന്നതിന്റെ സൂചനയായി പാലക്കാട് ഒരു ജൈന ക്ഷേത്രം ഇന്നുമുണ്ട്. "പാലി" ഭാഷയും പാരമ്പര്യവും കാത്തു സൂക്ഷിച്ചിരുന്ന ജൈന മതക്കാരായിരുന്നു ഇവിടെ അധിവസിച്ചിരുന്നവർ എന്നതിനാലാണ് ഈ പ്രദേശത്തിന് പാലക്കാട് എന്ന പേര് ലഭിച്ചതെന്നു മറ്റൊരു കൂട്ടർ വാദിക്കുന്നുണ്ട്. എന്നാൽ ഇതൊന്നുമല്ല, പാലമരങ്ങൾ നിറഞ്ഞ പ്രദേശമായിരുന്നതിനാലാണ് ഈ പ്രദേശത്തിന് പാലക്കാട് എന്ന പേരു ലഭിച്ചതെന്നു മറ്റൊരു നിഗമനവും നിലനില്ക്കുന്നുണ്ട്. കേരളത്തിലെ ഏറ്റവും വലിയ ജില്ലയാണ് പാലക്കാട്. വടക്കുഭാഗത്ത് മലപ്പുറം ജില്ല, തമിഴ്നാട് എന്നിവിടങ്ങൾ വരേയും, കിഴക്കു ഭാഗത്ത് തമിഴ്നാട്ടു വരെയും, തെക്കു ഭാഗത്ത് തൃശ്ശൂർ ജില്ല വരേയും, പടിഞ്ഞാറുഭാഗത്ത് തൃശ്ശൂർ, മലപ്പുറം ജില്ലകൾ വരേയും അതിരുകൾ വ്യാപിച്ചുകിടക്കുന്ന പാലക്കാട് ജില്ലയ്ക്ക് 4480 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണമുണ്ട്. പാലക്കാട്, പെരിന്തൽമണ്ണ, പൊന്നാനി, ഒറ്റപ്പാലം, ആലത്തൂർ, ചിറ്റൂർ എന്നീ പ്രദേശങ്ങൾ ഒന്നിച്ചു ചേർത്ത് പാലക്കാട് ജില്ല രൂപീകൃതമായത് 1957 ജനുവരി 1–ാം തീയതിയാണ്. പിന്നീട് 1969 ജൂൺ 16–ാം തീയതി മലപ്പുറം ജില്ല രൂപീകൃതമായപ്പോൾ പൊന്നാനി താലൂക്കിലെ തൃത്താല ഫർക്ക പാലക്കാടിനോട് ചേർത്ത് പെരിന്തൽമണ്ണ താലൂക്കിലെ മങ്കട ഫർക്ക, പെരിന്തൽമണ്ണ ഫർക്കയിലെ കർക്കിടകാംകുന്ന്, ചെത്തല്ലൂർ അംശം എന്നിവ ഒഴികെയുള്ള പ്രദേശം മലപ്പുറം ജില്ലയോടും ചേർക്കപ്പെട്ടു. കർക്കിംടകാംകുന്ന്, ചെത്തല്ലൂർ അംശം എന്നിവയിൽ ഉൾപ്പെട്ട 19 വില്ലേജുകൾ ചേർത്ത് പാലക്കാട് ജില്ലയിൽ മണ്ണാർക്കാട് എന്ന പുതിയൊരു താലൂക്ക് രൂപീകരിക്കുകയും ചെയ്തു. തൃത്താല ഫർക്കയയിലുൾപ്പെട്ട വടക്കേക്കാട്, പുന്നയൂർ, പുന്നയൂർക്കുളം എന്നീ വില്ലേജുകൾ തൃശ്ശൂർ ജില്ലയിലെ ചാവക്കാട് താലൂക്കിനോട് ചേർക്കപ്പെടുകയും തിരൂർ താലൂക്കിലെ പരുതൂർ വില്ലേജ് ഒറ്റപ്പാലം താലൂക്കിനോട് ചേർക്കപ്പെടുകയും ചെയ്തു. 2013 ൽ ഒറ്റപ്പാലം താലൂക്ക് വിഭജിച്ച് പട്ടാമ്പി ആസ്ഥാനമായി ഒരു താലൂക്ക് രൂപീകരിച്ചു. തൃത്താല, പട്ടാമ്പി, ഒറ്റപ്പാലം, ശ്രീകൃഷ്ണപുരം, മണ്ണാർക്കാട്, അട്ടപ്പാടി, പാലക്കാട്, കുഴൽമന്ദം, ചിറ്റൂർ, കൊല്ലങ്കോട്, നെന്മാറ, ആലത്തൂർ, മലമ്പുഴ എന്നിങ്ങനെ 13 ബ്ളോക്കുപഞ്ചായത്തുകളാണ് പാലക്കാട് ജില്ലാ പഞ്ചായത്തിന്റെ പരിധിയിൽ ഉൾപ്പെടുന്നത്. മേൽപറഞ്ഞ 13 ബ്ളോക്കുകളിലായി 91 ഗ്രാമപഞ്ചായത്തുകളും 162 വില്ലേജുകളും ഉണ്ട്. പാലക്കാട്, ഒറ്റപ്പാലം, ഷൊർണ്ണൂർ, ചിറ്റൂർ–തത്തമംഗലം എന്നിങ്ങനെ 4 മുനിസിപ്പാലിറ്റികൾ പാലക്കാട് ജില്ലയിലുണ്ട്. ചിറ്റൂർ, ആലത്തൂർ, ഒറ്റപ്പാലം, പാലക്കാട് എന്നിങ്ങനെ നാലു താലൂക്കുകളിലായി ഈ ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വ്യാപിച്ചു കിടക്കുന്നു. പാലക്കാട് ജില്ലാപഞ്ചായത്തിൽ ആകെ 29 ഡിവിഷനുകളുണ്ട്. കേരളത്തിന്റെ ഏതാണ്ട് മധ്യഭാഗത്ത് കിഴക്കരികിലായി തമിഴ്നാടിനോട് ചേർന്നു കിടക്കുന്ന ജില്ലയാണ് പാലക്കാട്. ജില്ലയിലെ പ്രധാനകൃഷി നെല്ലാണ്. ഉയർന്ന മലമ്പ്രദേശങ്ങൾ, കുന്നുകൾ, ചെരിവുകൾ, സമതലങ്ങൾ എന്നിങ്ങനെ തരം തിരിക്കാവുന്ന ഭൂപ്രകൃതിയാണ് പാലക്കാടിനുള്ളത്. കടൽത്തീരബന്ധമില്ലാത്ത ജില്ലയാണ് പാലക്കാട്. പൊതുവെ ജില്ലയെ ഇടനാട്, മലനാട് എന്നിങ്ങനെ രണ്ടു ഭൂവിഭാഗങ്ങളായി വിഭജിക്കാവുന്നതാണ്. സമുദ്രനിരപ്പിൽ നിന്നും 20 മുതൽ 2386 മീറ്റർ വരെ ഉയരമുള്ള പ്രദേശങ്ങൾ ജില്ലയിൽ കാണപ്പെടുന്നു. പശ്ചിമഘട്ടവും, പാലക്കാട് ചുരവും ജില്ലയുടെ പ്രത്യേകതകളാണ്. ജില്ലയിലെ വലിയൊരു ഭാഗം ക്രിസ്റ്റലൈൻ പാറകളാണ്. ഇടനാട്ടിൽ ലാറ്ററൈറ്റ് മണ്ണ് കൂടുതലായി കാണപ്പെടുന്നു. കേരളത്തിൽ ഏറ്റവും കൂടുതൽ ചൂട് അനുഭവപ്പെടുന്ന ജില്ലയാണ് പാലക്കാട്.

## തൃത്താല നിയമസഭാ മണ്ഡലം

പാലക്കാട് ജില്ലയിലെ തൃത്താല ബ്ളോക്കിലെ ആനക്കര, ചാലിശ്ശേരി, കപ്പൂർ, നാഗലശ്ശേരി, പട്ടിത്തറ, തിരുമിറ്റക്കോട്, തൃത്താല എന്നീ ഏഴ് ഗ്രാമപഞ്ചയത്തുകളും പട്ടാമ്പി ബ്ളോക്കിലെ പരുതൂർ ഗ്രാമ പഞ്ചായത്തും ചേർന്ന നിയമ സഭാ മണ്ഡലമാണ് തൃത്താല. ഈ എട്ട് പഞ്ചായത്തുകളിലുമായി 135 ഗ്രാമപഞ്ചയത്ത് വാർഡുകൾ ഉണ്ട്. തൃത്താല നിയമസഭാ മണ്ഡലത്തിൽ താലൂക്ക് -വില്ലേജ് അടിസ്ഥാനത്തിൽ പട്ടാമ്പി താലൂക്കിലെ 9 വില്ലേജുകൾ ഉണ്ട്. ആനക്കര, ചാലിശ്ശേരി, കപ്പൂർ, നാഗലശ്ശേരി, പട്ടിത്തറ, തിരുമിറ്റക്കോട്-1, തിരുമിറ്റക്കോട്-2, തൃത്താല, പരുതൂർ എന്നിവയാണവ. കേരള നിയമസഭയുടെ ബഹുമാനപ്പെട്ട സ്പീക്കർ ആയ ശ്രീ. എം. ബി. രാജേഷ് അവർകളാണ് തൃത്താല മണ്ഡലത്തിനെ ഇപ്പോൾ പ്രതിനിധീകരിക്കുന്നത്.

### തൃത്താല ബ്ളോക്ക്

പാലക്കാട് ജില്ലയിൽ ഒറ്റപ്പാലം താലൂക്കിലാണ് തൃത്താല ബ്ലോക്ക് പഞ്ചായത്ത് സ്ഥിതി ചെയ്യുന്നത്. ആനക്കര, ചാലിശ്ശേരി, കപ്പൂർ, നാഗലശ്ശേരി, പട്ടിത്തറ, തിരുമിറ്റക്കോട്, തൃത്താല എന്നീ 7 ഗ്രാമപഞ്ചയത്തുകൾ ഉൾപ്പെടുന്നതാണ് തൃത്താല ബ്ലോക്ക് പഞ്ചായത്ത്. 172.16 ച.കി.മീ വിസ്തീർണ്ണവും 14 ബ്ലോക്ക് ഡിവിഷനുകളുമുണ്ട്. വടക്ക ഭാഗത്ത് ഭാരതപ്പുഴയും, കിഴക്ക് ഭാഗത്ത് തൃശ്ശൂർ ജില്ലയും തെക്ക് ഭാഗത്ത് തൃശ്ശൂർ മലപ്പുറം ജില്ലകളും, പടിഞ്ഞാറ് ഭാഗത്ത് മലപ്പുറം ജില്ലയുമാണ് തൃത്താല ബ്ലോക്ക് പഞ്ചായത്തിന്റെ അതിരുകൾ. പാലക്കാട് ജില്ലയുടെ പടിഞ്ഞാറെ അതിർത്തിയിലാണ് തൃത്താല ബ്ലോക്കിന്റെ ആസ്ഥാനം. 1962 ലാണ് തൃത്താല ബ്ലോക്ക് പഞ്ചായത്ത് നിലവിൽ വന്നത്. ഭാരതപ്പുഴ വെള്ളിയരഞ്ഞാണം തീർത്ത്, അതിർത്തിയായി ഒഴുകി കാർഷിക സംസ്കാരത്തിന്റെ തനിമ പകർന്നു തരുന്ന പ്രദേശമാണ് തൃത്താല ബ്ലോക്ക് പഞ്ചായത്ത്.

**ചരിത്രം**

കേരളത്തിൽ പ്രചാരം സിദ്ധിച്ച ഐതിഹ്യ പാരമ്പര്യമുള്ള ബ്ലോക്ക് പഞ്ചായത്താണ് തൃത്താല. അഗ്നിഹോത്രിയും, നാറാണത്തു ഭ്രാന്തനും, പാക്കനാരുമെല്ലാം കഥാപാത്രങ്ങളാകുന്ന പ്രസ്തുത ഐതിഹ്യത്തിന്റെ തട്ടകം തൃത്താലയും പരിസര ഗ്രാമങ്ങളും തന്നെ. അഗ്നിഹോത്രിയാൽ, സുപ്രസിദ്ധമായ മേഴത്തോൾ (മേഴത്തൂർ), വൈദിക പണ്ഡിതന്മാരായ ഭട്ടികളുടെ സൈദ്ധാന്തിക ചർച്ചാവേദി (തറ) എന്ന നിലയിൽ ഭട്ടിത്തറ എന്നു വിളിക്കപ്പെടുന്ന ഇന്നത്തെ പട്ടിത്തറ, പന്നിയൂർ ക്ഷേത്രത്തിന്റെ നാടായ ആനക്കര, ബലികർമ്മ വേദിയെന്ന നിലയിൽ പുണ്യസ്ഥലം (തിരുസ്ഥലി) ആയ നിളാ തീരത്തെ തൃത്താല, വേദാന്ത പണ്ഡിതനായ ഉദണ്ഡ കേസരിയെ തോല്പിച്ച കാക്കശ്ശേരിയുടെ ജന്മഭൂമിയായി കരുതപ്പെടുന്ന ചാലിശ്ശേരി, സംസ്കൃതവ്യാകരണ പഠന കേന്ദ്രമായിരുന്ന കൂടല്ലൂർ ഗുരുകുലം, അവിടെ കളിയാടുന്ന നാഗരാജശ്രീയുടെ പേരിൽ പ്രസിദ്ധമായ നാഗലശ്ശേരി എന്നിങ്ങനെ തൃത്താല ബ്ലോക്കിൽ ഉൾപ്പെടുന്ന പ്രദേശങ്ങൾ അവയുടെ സാംസ്കാരിക പൈതൃകം സ്ഥല നാമങ്ങളിലൂടെ തന്നെ വെളിവാകുന്നു. പ്രസക്തമായ ജാതി-ജന്മി വ്യവസ്ഥയിൻ കീഴിൽ കഴിഞ്ഞിരുന്ന പ്രദേശമായിരുന്നു തൃത്താല.

**ജനസംഖ്യ ശാസ്ത്രം**

2011 ലെ സെൻസസ് അനുസരിച്ച് തൃത്താല ബ്ലോക്കിന്റെ ആകെ ജനസംഖ്യ 1,64,254 ആണ്. ഇതിൽ പുരുഷൻമാരുടെ എണ്ണം 78,408 ഉം സ്ത്രീകളുടെ എണ്ണം 85,846 ഉം ആണ്. പ്രസ്തുത ബ്ലോക്കിന്റെ സ്ത്രീ പുരുഷ അനുപാതം 1095 സ്ത്രീകൾ: 1000 പുരുഷനും സാക്ഷരത നിരക്ക് 87.49%ശതമാനവും ആണ്.

**ഭൂമിശാസ്ത്രം**

പാലക്കാട് ജില്ലയുടെ തെക്ക്-പടിഞ്ഞാറെയറ്റത്ത് സ്ഥിതി ചെയ്യുന്ന ബ്ലോക്കാണ് തൃത്താല. വടക്ക് ഭാഗത്തിലൂടെ കേരളത്തിലെ രണ്ടാമത്തെ വലിയ നദിയായ ഭാരതപ്പുഴയൊഴുകുന്നു. തൃത്താല ബ്ലോക്കിന്റെ തെക്ക് ഭാഗത്ത് മലപ്പുറം ജില്ല, തെക്ക്-കിഴക്ക് ഭാഗത്ത് തൃശ്ശൂർ ജില്ല, കിഴക്ക് ഭാഗത്ത് പട്ടാമ്പി ബ്ളോക്കും, പട്ടാമ്പി മുനിസിപ്പാലിറ്റിയും ആണ്.

**ഭൂപ്രകൃതി**

ഭൂപ്രകൃതിയനുസരിച്ച് തൃത്താല ബ്ലോക്കിനെ കുന്നിൻ പ്രദേശം, മലമ്പ്രദേശം, സമതല

പ്രദേശം, താഴ്വരപ്രദേശം എന്നിങ്ങനെ നാലായി തിരിക്കാം.

**ഉന്നതി**

സമുദ്രനിരപ്പിൽ നിന്നും 180 മീറ്റർ ഉയരത്തിൽ ഉള്ള പ്രദേശങ്ങൾ വരെ തൃത്താല ബ്ലോക്കിൽ ഉണ്ട്.

**മണ്ണിനം**

തൃത്താല ബ്ലോക്ക പ്രദേശത്ത് കൂടുതലായി ചരൽ കലർന്ന ചുമന്ന മണ്ണാണ് കണ്ടു വരുന്നത്. സമതലങ്ങളിൽ ചുവന്ന പശിമരാശി മണ്ണും, പാടങ്ങളിൽ മണൽ കലർന്ന കളിമണ്ണും കാണപ്പെടുന്നു

**ജലസ്രോതസ്സുകൾ**

ജലം ജീവന്റെ അമൃതാണ്- മനുഷ്യനു മാത്രമല്ല, പ്രകൃതിയിലെ ജീവജാലങ്ങൾക്കു മുഴുവനും. വളരെ പ്രസിദ്ധമായ ഭാരതപപ്പുഴ തൃത്താല ബ്ലോക്കിന്റെ വടക്കു ഭാഗത്തു കൂടി 29.കി.മീ ദൂരം ഒഴുകുന്നു. ഇത് കൂടാതെ നിരവധി കുളങ്ങളും തോടുകളും തൃത്താല ബ്ലോക്കിൽ ഉണ്ട്. എന്നാൽ ഇന്ന് ഭൂഗർഭ ജല ലഭ്യത കുറഞ്ഞു കുറഞ്ഞു വരുന്നതായാണ് കാണപ്പെടുന്നത്. ഇതിന് പ്രധാന കാരണം ഇവയിലെ ജല ലഭ്യത മുഖ്യമായും മഴ വെള്ളത്തെ ആശ്രയിച്ചാണ് ഇരിക്കുന്നത്. ഇവ വേണ്ട വിധത്തിൽ സംരക്ഷിക്കേണ്ടത് വളരെ അനിവാര്യമായ കാര്യമാണ്.

**കാലാവസ്ഥ**

ശരാശരി സമുദ്ര നിരപ്പിൽ നിന്നുള്ള ഉയരം, വാർഷിക വർഷാനുപാതം, മൺതരങ്ങൾ, ഭൂപ്രകൃതി എന്നിവയുടെ അടിസ്ഥാനത്തിൽ കേരളത്തെ 13 കാർഷിക-കാലാവസ്ഥ മേഖല കളാക്കി തരം തിരിച്ചിരിക്കുന്നതിൽ തൃത്താല ബ്ലോക്ക് മധ്യ-ഇടനാട് മേഖലയിൽ പെടുന്നു. മറ്റു പാലക്കാടൻ ഗ്രാമങ്ങളെപ്പോലെ തന്നെ പൊതുവെ മഴയുടെ ലഭ്യത ബ്ലോക്ക പ്രദേശത്ത് കുറവാണ്. തെക്ക-പടിഞ്ഞാറൻ മൺസൂൺ എന്നറിയപ്പെടുന്ന കാലവർഷവും വടക്ക്-കിഴക്കൻ മൺസൂൺ എന്നറിയപ്പെടുന്ന തുലാവർഷവും ആണ് ബ്ലോക്കിൽ അനുഭവ പ്പെടുന്ന രണ്ട് പ്രധാന വർഷ കാലങ്ങൾ.

**കാർഷിക മേഖല**

കേരളത്തിലെ 13 കാലാവസ്ഥാ മേഖലകളിൽ പട്ടാമ്പി ബ്ലോക്ക് സെൻട്രൽ മിഡ് ലാന്റ് സോണിൽ ഉൾപ്പെടുന്നു. മിശ്രവിളകൾ മറ്റു കാർഷിക അനുബന്ധ മേഖലകളുമായി സംയോജിപ്പിച്ചുള്ള വിള രീതിയാണ് കർഷകർ തുടർന്നു പോരുന്നത്. തെങ്ങ്, നെല്ല്, തേക്ക്, കവുങ്ങ്, കുരുമുളക്, വാഴ എന്നിവയാണ് പ്രധാന കാർഷിക വിളകൾ

## പട്ടാമ്പി ബ്ളോക്ക്

പാലക്കാട് ജില്ലയിൽ ഒറ്റപ്പാലം താലൂക്കിലാണ് പട്ടാമ്പി ബ്ലോക്ക് പഞ്ചായത്ത് സ്ഥിതി ചെയ്യുന്നത്. കൊപ്പം, കുലുക്കല്ലൂർ, മുതുതല, ഓങ്ങല്ലൂർ, പട്ടാമ്പി മുനിസിപ്പാലിറ്റി, പരുതൂർ, തിരുവേഗപ്പുറ, വിളയൂർ എന്നീ വില്ലേജു കളിലായി പട്ടാമ്പി ബ്ലോക്ക് വ്യാപിച്ചു കിടക്കുന്നു. 224.21 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണവും 15 ഡിവിഷനുകളുമുണ്ട്. വടക്കു ഭാഗത്ത് തൂതപ്പുഴയും കിഴക്ക് ഭാഗത്ത് ഷൊർണൂർ നഗരസഭയും, ഒറ്റപ്പാലം ശ്രീകൃഷണപുരം ബ്ലോക്കുകളും, തെക്കു ഭാഗത്ത് ഭാരതപ്പുഴയും പടിഞ്ഞാറു ഭാഗത്ത് ഭാരതപ്പുഴയും തൂതപ്പുഴയുമാണ് പട്ടാമ്പി ബ്ലോക്കു മായി അതിർത്തി പങ്കിടുന്നത്. പാലക്കാട് ജില്ല യിലെ ഏറ്റവും വലിയ ബ്ലോക്കു പഞ്ചായത്തു കളിലൊന്നാണ്. 1956 ഒക്ടോബർ 2-ാം തീയതിയാണ് പട്ടാമ്പി ബ്ലോക്ക് നിലവിൽ വന്നത്

**ചരിത്രം**

വൈവിധ്യമാർന്ന ഭൂചാരുതയിൽ അനുഗ്രഹീത മാണ് പട്ടാമ്പി. ഭാരതപ്പുഴയുടെ വടക്കേക്കര യിലെ പത്ത് വള്ളുവനാടൻ ഗ്രാമങ്ങൾ ഉൾപ്പെട്ടതാണ് പട്ടാമ്പി ബ്ലോക്ക് പഞ്ചായത്ത്. സംസ്കൃത ഭാഷാ പണ്ഡിതനായ ഭട്ടനമ്പികളുടെ കേന്ദ്രം എന്ന നിലയ്ക്കാണ് ഈ സ്ഥലം പട്ടാമ്പി എന്നു വിളിക്കപ്പെട്ടത് എന്ന് കരുതപ്പെടുന്നു. നൂറ്റാണ്ടുകൾക്ക് മുമ്പ് നാട്ടുവാഴികളായ നെടുനാട്ടു ടയവരുടെയും, കൂടനാട് സാമൂതിരി വംശത്തി ന്റെയും ഭരണത്തിൻ കീഴിലായിരുന്നു പട്ടാമ്പി പ്രദേശം. പിന്നീട് ഇവിടം ബ്രിട്ടീഷ് മലബാറിന്റെ ഭാഗമായി. ശുദ്ധമായ മലയാള ഭാഷ സംസ്കരി ക്കുന്ന മധ്യകേരള ദേശമാണ് പട്ടാമ്പി. ഇവിടു ത്തെ സംസ്കാരവും കാർഷിക-ഉത്പാദന രംഗ വുമായി ബന്ധപ്പെട്ട് വളർന്ന് വികസിച്ചതാണ്. പഴയ മദ്രാസ് സംസ്ഥാനത്തിന്റെ ഭാഗമായി രുന്നതിനാൽ തമിഴ് സംസ്കാരം ഇഴചേർന്ന് കിടക്കുന്നുവെങ്കിലും അടിസ്ഥാനപരമായി പാലക്കാടൻ കാർഷിക സംസ്കാരത്തിൽ അധിഷ്ഠിതമായ പൈതൃകമാണ് ബ്ലോക്കിലെ ഗ്രാമങ്ങൾക്കുള്ളത്. 1956 ഒക്ടോബർ രണ്ടാം തീയതിയിലാണ് പട്ടാമ്പി ബ്ലോക്ക് നിലവിൽ

വന്നത്. ഇന്നത്തെ പരുതൂർ ഒഴികെയുള്ള 9 പഞ്ചായത്തുകളും പിന്നീട് മുനിസിപ്പാലിറ്റിയായി മാറിയ ഷൊർണ്ണൂർ പഞ്ചായത്തും ഉൾപ്പെട്ടതാണ് ആദ്യകാല പട്ടാമ്പി ബ്ലോക്ക്. 1957-ൽ നടപ്പിലാക്കിയ ഭൂപരിഷ്കരണ നിയമം ഈ പ്രദേശത്തിന്റെ സമ്പദ്ഘടനയിലും സാമൂഹിക ബന്ധങ്ങളിലും വലിയ പരിവർത്തനങ്ങളുണ്ടാക്കി. നിയമം നടപ്പിലാക്കും വരെ ബ്ലോക്കിലെ ഭൂരിഭാഗം സ്വത്തുക്കളും അന്നത്തെ നാടുവാഴി പ്രഭുക്കന്മാർ കൈയടക്കി വച്ചിരിക്കുകയായിരുന്നു.

**ജനസംഖ്യ ശാസ്ത്രം**

2011 ലെ സെൻസസ് അനുസരിച്ച് പട്ടാമ്പി ബ്ലോക്കിന്റെ ആകെ ജനസംഖ്യ 2,10,241 ആണ്. ഇതിൽ പുരുഷൻമാരുടെ എണ്ണം 100574 ഉം സ്ത്രീകളുടെ എണ്ണം 109667 ഉം ആണ്. പ്രസ്തുത ബ്ലോക്കിന്റെ സ്ത്രീ പുരുഷ അനുപാതം 10651 സ്ത്രീകൾ: 1000 പുരുഷനും സാക്ഷരത നിരക്ക് 80.63 ശതമാനവും ആണ്.

**ഭൂമിശാസ്ത്രം**

പാലക്കാട് ജില്ലയുടെ വടക്ക്-പടിഞ്ഞാറെയറ്റത്ത് നിളയുടെയും, തൂതപ്പുഴയുടെയും തലോടലേറ്റാണ് പട്ടാമ്പി ബ്ലോക്ക് സ്ഥിതി ചെയ്യുന്നത്. വൈവിധ്യമാർന്ന ഭൂചാരുതയാൽ അനുഗ്രഹീതമാണ് പട്ടാമ്പി. നാറാണത്തുഭ്രാന്തൻ കല്ലുരുട്ടി കയറ്റിയ ഐതിഹ്യമുള്ള രായിരനെല്ലൂർ മല പട്ടാമ്പിയുടെ പ്രധാന കുന്നുകളിലൊന്നാണ്. ഭാരതപ്പുഴയിലെ വെള്ളിയങ്കല്ല് ഡാം പ്രകൃതി രമണീയത വിളിച്ചോതുന്നു. പാലക്കാടിന്റെ പ്രധാന നദികളായ കുന്തിപ്പുഴ എന്ന പേരിലറിയപ്പെടുന്ന തൂതപ്പുഴ പട്ടാമ്പി ബ്ലോക്കിലെ പരുതൂർ ഗ്രാമപഞ്ചായത്തിൽ വച്ച് ഭാരതപ്പുഴയുമായി കൂടിച്ചേരുന്നു. ഭാരതപ്പുഴയുടെയും കുന്തിപ്പുഴ യുടെയും സംഗമം പ്രകൃതി മനോഹാരിത തുളുമ്പുന്ന കാഴ്ചയാണ്.

**ഭൂപ്രകൃതി**

ഭൂപ്രകൃതിയനുസരിച്ച് പട്ടാമ്പി ബ്ലോക്കിനെ കുന്നിൻ പ്രദേശം മലമ്പ്രദേശം, സമതല പ്രദേശം, താഴ്വരപ്രദേശം എന്നിങ്ങനെ നാലായി തിരിക്കാം.

**ഉന്നതി**

സമുദ്രനിരപ്പിൽ നിന്നും 195 മീറ്റർ ഉയരത്തിൽ ഉള്ള പ്രദേശങ്ങൾ വരെ പട്ടാമ്പി ബ്ലോക്കിൽ ഉണ്ട്.

**മണ്ണിനം**

പട്ടാമ്പി ബ്ലോക്കു പ്രദേശത്ത് കൂടുതലായി ചരൽ കലർന്ന ചുമന്ന മണ്ണാണ് കണ്ടുവരുന്നത്. സമതലങ്ങളിൽ ചുവന്ന പശിമരാശി മണ്ണും, പാടങ്ങളിൽ മണൽ കലർന്ന കളിമണ്ണും കാണപ്പെടുന്നു

**കാലാവസ്ഥ**

ശരാശരി സമുദ്ര നിരപ്പിൽ നിന്നുള്ള ഉയരം, വാർഷിക വർഷാനുപാതം, മൺതരങ്ങൾ, ഭൂപ്രകൃതി എന്നിവയുടെ അടിസ്ഥാനത്തിൽ കേരളത്തെ 13 കാർഷിക-കാലാവസ്ഥ മേഖലകളാക്കി തരം തിരിച്ചിരിക്കുന്നതിൽ പട്ടാമ്പി ബ്ലോക്ക് മധ്യ-ഇടനാട് മേഖലയിൽ പെടുന്നു. മറ്റു പാലക്കാടൻ ഗ്രാമങ്ങളെപ്പോലെ തന്നെ പൊതുവെ മഴയുടെ ലഭ്യത ബ്ലോക്കു പ്രദേശത്ത് കുറവാണ്. തെക്കു-പടിഞ്ഞാറൻ മൺസൂൺ എന്നറിയപ്പെടുന്ന കാലവർഷവും വടക്ക്-കിഴക്കൻ മൺസൂൺ എന്നറിയപ്പെടുന്ന തുലാവർഷവും ആണ് ബ്ലോക്കിൽ അനുഭവപ്പെടുന്ന രണ്ട് പ്രധാന വർഷ കാലങ്ങൾ

**കാർഷിക ചരിത്രം**

കുഞ്ഞുമാമലകളും കുന്നിൻ ചെരുവുകളും തെങ്ങിൻ തോപ്പുകളും ചന്തം ചാർത്തുന്ന കൊപ്പം പഞ്ചായത്തിലെ സസ്യശ്യാമളമായ നെൽവയലുകൾ കണ്ണിനും കരളിനും കൗതുകമുണർത്തുന്ന അനുഭൂതിയായിരുന്നു. പണ്ടു കാലത്ത് ആര്യൻ, തെക്കൻ ചീര, കഴമ, പൊന്നാര്യൻ, വെട്ടുകാരി, ചെങ്കഴമ, വട്ടൻ, വെളുത്തവട്ടൻ, മോടൻ, തവളക്കണ്ണൻ, ചിറ്റ്യനി, നവരം, തെക്കൻബിവി, വെള്ളക്കോലി, നെയ്യീര തുടങ്ങി വൈവിധയിനം നെല്ലിനങ്ങളും ചാമ, കോറ, എള്ള്, മുതിര തുടങ്ങിയ മറ്റ് ധാന്യങ്ങളും ധാരാളമായി കൃഷി ചെയ്തിരുന്നു. വാഴ, ഉഴുന്ന് തുടങ്ങിയവയുടെ കൃഷികളും ഉണ്ടായിരുന്നു. കാളപൂട്ടുമത്സരം കൃഷിക്കാരന്റെ ജീവിതത്തിന്റെ ഭാഗമായിരുന്നു. പണ്ടത്തെ കൃഷിക്കാർ അധ്വാന ശീലരായിരുന്നു. ഗ്രാമത്തിലെ ഭൂരിഭാഗം ആൾക്കാരുടെയും മുഖ്യവരുമാനം കൃഷിയിൽ നിന്നായിരുന്നു.

**കാർഷിക മേഖല**

കേരളത്തിലെ 13 കാലാവസ്ഥാ മേഖലകളിൽ പട്ടാമ്പി ബ്ലോക്ക് സെൻട്രൽ മിഡ് ലാന്റ് സോണിൽ ഉൾപ്പെടുന്നു. മിശ്രവിളകൾ മറ്റു കാർഷിക അനുബന്ധ മേഖലകളുമായി സംയോജിപ്പിച്ചുള്ള വിള രീതിയാണ് കർഷകർ തുടർന്നു പോരുന്നത്. തെങ്ങ്, നെല്ല്, തേക്ക്,

കവുങ്ങ്, കുരുമുളക്, വാഴ എന്നിവയാണ് പ്രധാന കാർഷിക വിളകൾ. വർഷത്തിൽ 29 മില്യൺ ഉത്പാദനമുള്ള തെങ്ങ് 4000.26 ഹെക്ടർ സ്ഥലത്ത് വ്യാപിച്ചുകിടക്കുന്നു. 2320.53 ഹെക്ടറിൽ നെല്ലും 413.22 ഹെക്ടറിൽ വാഴയും 303.95 ഹെക്ടറിൽ കവുങ്ങും 209.24 ഹെക്ടറിൽ കുരുമുളകും കൃഷി ചെയ്യുന്നു. മാവ്, പ്ലാവ് എന്നീ ഹെക്ടറിൽ കുരുമുളകും കൃഷി ചെയ്യുന്നു. മാവ്, പ്ലാവ് എന്നീ ഫലവൃക്ഷങ്ങൾ 727.16 ഹെക്ടറിൽ കൃഷി ചെയ്യുന്നു. 11103.98 ഹെക്ടറിൽ കൃഷി ചെയ്യുന്ന ഭക്ഷ്യവിളകളുടെ ഉത്പാദനം 23119.56 ടൺ ആണ്.

**ജലസ്രോതസ്സ്**

പ്രകൃതി വിഭവങ്ങളിൽ ഏറ്റവും അമൂല്യമായതും, ജീവജാലങ്ങളുടെയും സസ്യസമ്പത്തിന്റെയും നിലനിൽപ്പിന് അത്യന്താപേക്ഷിതവുമായ ജല സമ്പത്തിന്റെ ആധാരം പ്രധാനമായും വർഷ പാതമാണെങ്കിലും ജലസ്രോതസ്സുകളുടെ പരി രക്ഷണത്തിലുള്ള അലംഭാവം, ഭൂവിനിയോ ഗത്തിൽ വന്നിട്ടുള്ള മാറ്റങ്ങൾ ജൈവ-അജൈവ മാലിന്യങ്ങളുടെ അശാസ്ത്രീയമായ സംസ്കരണം തുടങ്ങിയ കാരണങ്ങളാൽ പെയ്യു ന്ന വെള്ളത്തിന്റെ ചെറിയ പങ്ക് മാത്രമേ സംര ക്ഷിക്കപ്പെടുന്നുള്ളു. ബ്ളോക്കിലെ നിലവിലുള്ള ഉപരിതല ജലസ്രോതസ്സുകളായ കുളങ്ങൾ, തോടുകൾ മുതലായവയും വാർഷിക വർഷ പാതത്തോടൊപ്പം കിണറുകളുമാണ് ഇവിടുത്തെ ജലലഭ്യതയ്ക്ക് ആധാരമായി വർത്തിക്കുന്നത്.

പുഴകളുടെയും തോടുകളുടെയും സാന്നിദ്ധ്യ ത്താൽ സമ്പന്നമാണ് പട്ടാമ്പി ബ്ലോക്ക്. ഭാരതപ്പുഴ, ഭാരതപ്പുഴയുടെ പോഷകനദിയായ കുന്തിപ്പുഴ എന്നീ പുഴകൾ ബ്ലോക്കിനെ ജല സമ്പന്നമാക്കുന്നു

## ഭാരതപ്പുഴ നീർത്തടം (നീർത്തട കോഡ്: 20 B)

കേരളത്തിലെ പാലക്കാട്, തൃശ്ശൂർ, മലപ്പുറം എന്നീ 3 ജില്ലകളിലായി വ്യാപിച്ചുകിടക്കുന്ന ഭാരതപ്പുഴ നീർത്തടം, 10$^{0}$25'00" മുതൽ 11$^{0}$15'00" വടക്ക് അക്ഷാംശങ്ങൾക്കും 75$^{0}$ 50'00" മുതൽ 76$^{0}$55'00" കിഴക്ക് രേഖാംശത്തിനും ഇടയിലായി സ്ഥിതി ചെയ്യുന്നു. വടക്ക്, മലപ്പുറം ജില്ലയിലെ തിരൂർ, ഏറനാട്, പെരിന്തൽമണ്ണ താലൂക്കുകളും പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് താലൂക്കും, തെക്ക്, മലപ്പുറം ജില്ലയിലെ പൊന്നാനി താലൂക്കും, തൃശ്ശൂർ ജില്ലയിലെ തലപ്പിള്ളി, തൃശ്ശൂർ, മുകുന്ദപുരം താലൂക്കുകളും, പാലക്കാട് ജില്ലയിലെ ചിറ്റൂർ താലൂക്കും. കിഴക്ക്, തമിഴ്നാട് സംസ്ഥാനവും പടിഞ്ഞാറ് അറബിക്കടലുമാണ് അതിരുകൾ. 17 ബ്ലോക്കുകളിലെ 103 പഞ്ചായ ത്തുകളിലായി (121 വില്ലേജുകൾ) വ്യാപിച്ചു കിടക്കുന്ന ഈ നീർത്തടത്തിന്റെ വിസ്തൃതി 3852.04 ചതുരശ്ര കിലോമീറ്റർ ആണ്.

ഭാരതപ്പുഴയുടെ 11630.40 ഹെക്ടർ വൃഷ്ടിപ്രദേശം തൃത്താല നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്നു.

### 1. ഉന്നതി

സംസ്ഥാനത്തെ ഏറ്റവും നീളം കൂടിയ രണ്ടാമത്തെ നദിയായ ഭാരതപ്പുഴ സമുദ്ര നിരപ്പിൽ നിന്ന് 2336 മീറ്റർ ഉയരത്തിൽ കുണ്ട സംരക്ഷിത വനത്തിലെ കോവിത്തോള ബേട്ടയിൽ നിന്നും ഉത്ഭവിച്ച് പൊന്നാനി ടൗണിലൂടെ ഒഴുകി അറബിക്കടലിൽ ചേരുന്നു. ഉയർന്ന ഭാഗങ്ങളിൽ 75 മീറ്റർ മുതൽ 2383 മീറ്റർ വരെയും മധ്യഭാഗങ്ങളിൽ 10 മീറ്റർ മുതൽ 75 മീറ്റർ വരെയും താഴ്ന്ന ഭാഗങ്ങളിൽ 5 മീറ്റർ ഉയരത്തിലുമായി ഒഴുകി നദി അറബിക്കടലിൽ പതിക്കുന്നു

### 2. ആകൃതി

ഭാരതപ്പുഴ നീർത്തടത്തിന്റെ ആകൃതി ഏക ദേശം ചതുരമാണ്. (നീളം: വീതി അനുപാതം - 1:1). പ്രധാന നദിയായ ഭാരതപ്പുഴ നീർത്തടത്തി ന്റെ വടക്കൻ ഭാഗത്ത് ഉത്ഭവിക്കുന്നു. ഗായത്രി പുഴ, കണ്ണാടി പുഴ അല്ലെങ്കിൽ ചിറ്റൂർപുഴ, കൽപ്പാത്തിപ്പുഴ, തൂതപ്പുഴ എന്നിവയാണ് 4 പ്രധാന പോഷകനദികൾ. ഗായത്രിപ്പുഴ, ആനമല മലനിരകളിൽ നിന്ന് ഉത്ഭവിച്ച് താഴേക്ക് ഒഴുകി മായന്നൂരിൽ വച്ച് പ്രധാന നദിയിൽ ചേരുന്നു. കണ്ണാടി നദി അല്ലെങ്കിൽ ചിറ്റൂർപുഴയും ആനമലയിൽ നിന്ന് ആരംഭിച്ച്

പറളിക്ക് സമീപം പ്രധാന നദിയുമായി യോജിക്കുന്നു. ഈ കൈവഴിയിലാണ് ചിറ്റൂർ പുഴ പദ്ധതി സ്ഥിതി ചെയ്യുന്നത്. കോരയാർ, വരട്ടാർ, വാളയാർ, മലമ്പുഴ എന്നീ 4 തോടുകൾ ചേർന്നാണ് കൽപ്പാത്തിപ്പുഴ രൂപപ്പെടുന്നത്. ആനമല മലനിരകളിൽ നിന്ന് ഉത്ഭവിക്കുന്ന കോരയാറും വരട്ടാറും അവയുടെ സംഗമത്തിനുശേഷം പടിഞ്ഞാറോട്ട് ഒഴുകി കഞ്ചിക്കോടിന് സമീപം വാളയാർ തോടിൽ ചേരുന്നു. മലമ്പുഴ നദി കോരയാറുമായി 10 കിലോമീറ്റർ താഴെയായി സംഗമിക്കുന്നു. സംസ്ഥാനത്തെ പ്രധാനപെട്ട റിസർവോയറുകളിൽ ഒന്നായ മലമ്പുഴ ഇവിടെയാണ് സ്ഥിതി ചെയ്യുന്നത്. തൂതപ്പുഴ, സൈലന്റ് വാലി മലനിരകളിൽ നിന്ന് ആരംഭിച്ച് പള്ളിപ്പുറത്തിനടുത്ത് പ്രധാന നദിയുമായി ചേരുന്നു.

നീർത്തടത്തിന്റെ ഉയർന്ന പ്രദേശങ്ങളിലെ ഭൂപ്രകൃതിയിൽ ഉയരം കൂടിയ കുന്നുകളും ഇടത്തരം കുന്നുകളും അടിവാരങ്ങളും താഴ്‌വരകളും ഒറ്റപ്പെട്ട കുന്നുകളും ഉൾപ്പെടുന്നു. മധ്യ മേഖലയിൽ ലാറ്ററിറ്റിക് കുന്നുകൾ, മിഡ്‌ലാന്റ് ലാറ്ററൈറ്റുകൾ, താഴ്‌വരകൾ, ഒറ്റപ്പെട്ട കുന്നുകൾ, താഴ്ന്ന കുന്നുകൾ എന്നിവ കാണപ്പെടുന്നു. താഴ്ന്ന മണൽത്തിട്ടകളും വിശാലമായ താഴ്‌വരകളും ഉൾപ്പെടുന്നതാണ് നീർത്തടത്തിന്റെ താഴ്ന്ന ഭാഗങ്ങൾ

## 3. ചരിവ്

നീർത്തട പ്രദേശത്തിന്റെ ചരിവ് ഏകദേശം നിരപ്പ് മുതൽ മിതമായ കുത്തനെയുള്ള ചരിവ് വിഭാഗത്തിൽപെടുന്നു. നീർത്തടപ്രദേശത്തിന്റെ ഭൂപ്രകൃതിയിൽ കാണപ്പെടുന്ന പ്രബലമായ ചരിവ് വിഭാഗങ്ങൾ ചുവടെ ചേർക്കുന്നു.

<u>ഉയർന്ന ഭാഗങ്ങൾ:</u> ഏകദേശം മിതമായ കുത്തനെയുള്ള ചരിവ് മുതൽ വളരെ കുത്തനെയുള്ള ചരിവ് വരെ.(15–45%)

<u>മധ്യ ഭാഗങ്ങൾ:</u> ഏകദേശം മിതമായ ചരിവ് മുതൽ മിതമായ കുത്തനെയുള്ള ചരിവ് വരെ (5–15%)

<u>താഴ്ന്ന ഭാഗങ്ങൾ:</u> ഏകദേശം നിരപ്പ് മുതൽ ലഘുവായ ചരിവ് (0–5%)

## 4. നീരൊഴുക്ക്

നീർത്തടത്തിലൂടെ ഒഴുകുന്ന പ്രധാന നദി 209 കിലോമീറ്റർ നീളമുള്ള ഭാരതപ്പുഴയാണ്. നദി പടിഞ്ഞാറ് ദിശയിൽ ഒഴുകി അറബിക്കടലിൽ പതിക്കുന്നു. കുണ്ടൻചോലപ്പുഴ, കരിങ്കതോട്, മദ്ദിമരം തോട്, വല്ലേപ്പാറ തോട്, കുമ്മട്ടൻ തോട്, കുന്തിപ്പുഴ, നെല്ലിപ്പുഴ, അമ്പൻകടവ് തോട്, കാഞ്ഞിരപ്പുഴ, അരിയൂർ തോട്, ചുള്ളിയാർ ആർ, വാളയാർ, വരട്ടാർ ഗായത്രി പ്പുഴ, ചുള്ളിയാർ പുഴ, പാടിപ്പുഴ, മിനച്ചടിപ്പുഴ, കക്കരംകോട്പുഴ, ചിറ്റൂർപുഴ, വണ്ടിത്തോട്, കൽപ്പാത്തിപ്പുഴ, മലമ്പുഴ, കരിംപുഴ, കല്ലംപുഴ, സപ്പാൽ തോട്, പ്ലാക്കാട്ടാംപള്ളി തോട്, പുളിയംപള്ളി തോട്, മുഴംപള്ളിത്തോട്, തുപ്പനാട്പുഴ, മുഴംപള്ളിത്തോട്, തുപ്പനാട്പുഴ. അയിലൂർ പുഴ, വണ്ടാഴിപ്പുഴ, കരിങ്കയം തോട്, വട്ടപ്പാറ തോട്, കുമ്പഞ്ചേരി തോട്, തിപ്പലിക്കയം തോട്, ചെറുകുന്ന്പുഴ, തിരുണ്ടി തോട്, തൂതപ്പുഴ എന്നിവയാണ് നദിയുടെ വിവിധ കൈവഴികൾ. നീരൊഴുക്ക് ഡെൻഡ്രിറ്റിക് മുതൽ സമാന്തരം വരെയുള്ള മാതൃകയിൽ കാണപ്പെടുന്നു

## 5. ഭൂവിജ്ഞാനീയം

നീർത്തടത്തിന്റെ ഭൂരിഭാഗം ഭൂപ്രദേശങ്ങളും ആർക്കിയൻ ഭൂവിഭാഗത്തിൽ പെട്ടുന്നു. ഉയർന്ന മേഖലകളിൽ കാണപ്പെടുന്ന പ്രധാന ശിലാവിഭാഗങ്ങൾ ക്വാർട്സ്, ഫെൽഡ്സ്പാർ ഹൈപ്പർസ്റ്റീൻ ഗ്രാനുലൈറ്റ്, പൈറോക്സിനൈറ്റ്, ഹോൺബ്ലെൻഡ് ഗ്നീസ്, ഹോൺബ്ലെൻഡെ ബയോടൈറ്റ്, മിഗ്മാറ്റൈറ്റ് കോംപ്ലക്സ്, ഫോളിയേറ്റഡ് ഗ്രാനൈറ്റ്, പിങ്ക് ഗ്രാനൈറ്റ്, ഗാബ്രോ, ലാറ്ററൈറ്റ്, ബോട്ടൈറ്റ് ഹോൺബ്ലെൻഡ് ഗ്നെയ്സ്, ഖൊണ്ടലൈറ്റ് ഗ്രൂപ്പിൽ വരുന്ന കാൽക്-ഗ്രാനുലൈറ്റ്, ചാർണോക്കൈറ്റ് ഗ്രൂപ്പിൽ വരുന്ന മാഗ്നറ്റൈറ്റ് ക്വാർട്സൈറ്റ് എന്നിവയാണ്.

നീർത്തടത്തിന്റെ മധ്യമേഖലയിൽ ക്വാർട്സ്-ഫെൽഡ്സ്പാർ-ഹൈപ്പർസ്റ്റീൻ ഗ്രാനുലൈറ്റ്, ചാർണോക്കൈറ്റ് ഗ്രൂപ്പിന്റെ പൈറോക്സെൻ ഗ്രാനുലൈറ്റ്, ഹോൺബ്ലെൻഡ് ഗ്നെയ്സ്, ഹോൺബ്ലെൻഡ് ബയോട്ടൈറ്റ്, ക്വാർട്സ് മൈക്ക ഗ്നൈസ്, പിങ്ക് ഗ്രാനൈറ്റ് ഗ്നെയ്സ് എന്നീ ശിലവിഭാഗങ്ങൾ കാണപ്പെടുന്നു.

നീർത്തടത്തിന്റെ താഴ്ന്ന ഭാഗങ്ങൾ ചാർണോക്കൈറ്റ് ഗ്രൂപ്പിന്റെയും ലാറ്ററൈറ്റ് ഗ്രൂപ്പിന്റെയും ക്വാർട്സ്-ഫെൽഡ്സ്പാർ-ഹൈപ്പർസ്റ്റീൻ ഗ്രാനു ലൈറ്റാകളാൽ രൂപപ്പെട്ടിരിക്കുന്നു.

## 6. ജലസമ്പത്ത്

ഈ നീർത്തടത്തിലെ പ്രധാന നദി ഭാരതപ്പുഴയാണ്. ചെറുതും വലുതുമായവ ഉൾപ്പെടെ നാല്പത്തിമൂന്ന് കൈവഴികൾ ഈ നദിയിലുണ്ട്.

ലഭ്യമാവുന്ന ജലസ്രോതസിന്റെയും പ്രതിവർഷം ഉപയുക്തമാക്കവുന്ന ജലസ്രോത സിന്റെയും യഥാക്രമം അളവ് 6540 മില്യൻ ക്യൂബിക് മീറ്ററും 3349 മില്യൻ ക്യൂബിക് മീറ്ററും ആകുന്നു

### 7. ഭൂഗർഭ ജലസമ്പത്ത്

ഭൂഗർഭജലത്തിന്റെ 65% ൽ താഴെ മാത്രമേ ഉപയുക്തമാകുന്നുള്ളൂ. നീർത്തടത്തിന്റെ മുകൾ ഭാഗത്തും മധ്യഭാഗത്തും മിതമായ ആഴം കുറഞ്ഞ ജലവിതാനമാണ് കാണപ്പെടുന്നത്. ഈ പ്രദേശങ്ങൾ ഗാർഹിക കിണറുകൾക്കും വലിയ വ്യാസമുള്ള കുഴൽക്കിണറുകൾക്കും അനുയോജ്യമാണ്. നീർത്തടത്തിന്റെ താഴ്ന്ന പ്രദേശങ്ങളിലെ ജലവിതാനം ആഴം കുറഞ്ഞ നിലയിലാണ്. ഇവിടം ഫിൽട്ടർ പോയിന്റ് കിണറുകൾക്ക് അനുയോജ്യമാണ്

### 8. ചെറുനീർത്തടങ്ങൾ

ഭാരതപ്പുഴ നീർത്തടത്തെ 50 ഉപനീർത്തട ങ്ങളായും 290 ചെറു നീർത്തടങ്ങളായും വിഭജിച്ചിരിക്കുന്നു

### 9. പ്രശ്നങ്ങൾ

ഭൂവിനിയോഗ ബോർഡ് തയ്യാറാക്കിയ നീർത്തട അറ്റ്ലസ് പ്രകാരം നദിതടത്തിലെ പ്രധാന പ്രശ്നങ്ങളായി രേഖപ്പെടുത്തിരിയി ക്കുന്നു താഴെ പറയുന്നവയാണ്.

- മണ്ണാർക്കാട് താലൂക്കിലെ പാലക്കയം വില്ലേജിൽ ഉരുൾപൊട്ടൽ/മണ്ണിടിച്ചിൽ സാധ്യതയുള്ള പ്രദേശമായി കാണപ്പെടുന്നു.
- പ്രദേശത്തിന്റെ മുകൾ മേഖലയിലെ മണ്ണൊലിപ്പ് ഗുരുതരമായ നിലയിലാണ്.
- നീർത്തട പ്രദേശത്തിന്റെ നദിയോരങ്ങൾ മണ്ണൊലിപ്പിന് വിധേയമാകാൻ സാധ്യത കാണപ്പെടുന്നു. മധ്യ മേഖലകളിലും താഴന്ന പ്രദേശങ്ങളിലും മിതമായ മണ്ണൊലിപ്പ് കാണപ്പെടുന്നു.

## കാഞ്ഞിരമുക്ക് നീർത്തടം (നീർത്തട കോഡ്: 19K)

കേരളത്തിലെ തൃശ്ശൂർ, പാലക്കാട്, മലപ്പുറം എന്നീ 3 ജില്ലകളിലായി വ്യാപിച്ചുകിടക്കുന്ന കാഞ്ഞിരമുക്ക് നീർത്തടം, 10 35' മുതൽ 10 55' വരെ വടക്ക് അക്ഷാംശങ്ങൾക്കും 75 55' മുതൽ 76 10' വരെ കിഴക്ക് രേഖാംശത്തിനും ഇടയി ലായി സ്ഥിതി ചെയ്യുന്നു. തെക്ക് തൃശ്ശൂർ ജില്ലയിലെ ചാവക്കാട്, തലപ്പിള്ളി താലൂക്കുകൾ, വടക്ക് മലപ്പുറം ജില്ലയിലെ തിരൂർ താലൂക്കും, പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം താലൂക്കും, കിഴക്ക് തൃശ്ശൂർ ജില്ലയിലെ തലപ്പിള്ളി താലൂക്ക്, പടിഞ്ഞാറ് അറബിക്കടൽ എന്നിവയാണ് നീർത്തടത്തിന്റെ അതിരുകൾ. 23 പഞ്ചായത്തു കളിലും 5 ബ്ലോക്കുകളിലും 24 വില്ലേജുകളിലായി വ്യാപിച്ചുകിടക്കുന്ന ഈ നീർത്തടത്തിന്റെ വിസ്തൃതി 353.74 ചതുരശ്ര കിലോമീറ്റർ ആണ്. 6711.41 ഹെക്ടർ വൃഷ്ടിപ്രദേശം തൃത്താല നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്നു.

### 1. ഉന്നതി

കാഞ്ഞിരമുക്ക് നദി സമുദ്രനിരപ്പിൽ നിന്ന് 160 മീറ്റർ ഉയരത്തിൽ ചാഴിയാട്ടിരിക്ക് സമീപം ഉത്ഭവിച്ച്, വെളിയങ്കോടിലൂടെ ഒഴുകി അറബി ക്കടലിൽ ചേരുന്നു. ഉയർന്ന ഭാഗങ്ങളിൽ 80 മീറ്റർ മുതൽ 160 മീറ്റർ വരെയും മധ്യമേഖലയിൽ 46 മീറ്റർ മുതൽ 8 മീറ്റർ വരെയും താഴ്ന്ന മേഖലയിൽ 2 മീറ്ററിൽ ഉയരത്തിലുമാണ് നദി ഒഴുകുന്നത്

### 2. ആകൃതി

കാഞ്ഞിരമുക്ക് നീർത്തടം ഏകദേശം ത്രികോ ണാകൃതിയിലാണ്. (നീളം: വീതി അനുപാതം- 1:1). കാഞ്ഞിരമുക്ക് നദി, നീർത്തടത്തിന്റെ തെക്ക്-കിഴക്ക് ഭാഗത്ത് നിന്ന് ഉത്ഭവിച്ച് കോലഞ്ചേരി വരെ പടിഞ്ഞാറ് ദിശയിൽ ഒഴുകി അവിടെ നിന്ന് ദിശ മാറി തെക്കോട്ട് പെരുംതുരുട്ടി വരെ ഒഴുകുന്നു. തുടർന്ന് നദി തെക്ക്-പടിഞ്ഞാറ് ദിശയിൽ ഒഴുകി അറബിക്കടലിൽ യോജിക്കുന്നു. നീർത്തടത്തി ന്റെ ഉയർന്ന പ്രദേശങ്ങളിലെ ഭൂപ്രകൃതിയിൽ കുന്നിൻ പ്രദേശങ്ങളും താഴ്വരകളും ഉൾപ്പെടുന്നു. താഴ്വരകളും മിഡ്ലാന്റ് ലാറ്ററൈറ്റുകളുമാണ് മധ്യമേഖലയിലെ ഭൂപ്രകൃതി. മണൽത്തിട്ടകളും

താഴ്വരകളും ഉൾപ്പെടുന്നതാണ് നീർത്തടത്തിന്റെ താഴ്ന്ന ഭാഗങ്ങൾ.

### 3. ചരിവ്

നീർത്തട പ്രദേശത്തിന്റെ ചരിവ് ഏകദേശം നിരപ്പ് മുതൽ മിതമായ കുത്തനെയുള്ള ചരിവ് വിഭാഗത്തിൽപെടുന്നു. നീർത്തടപ്രദേശത്തിന്റെ ഭൂപ്രകൃതിയിൽ കാണപ്പെടുന്ന പ്രബലമായ ചരിവ് വിഭാഗങ്ങൾ ചുവടെ ചേർക്കുന്നു.

ഉയർന്ന ഭാഗങ്ങൾ: ഏകദേശം മിതമായ കുത്തനെയുള്ള ചരിവ് മുതൽ വളരെ കുത്തനെയുള്ള ചരിവ് വരെ.(15–45%)

മധ്യ ഭാഗങ്ങൾ: ഏകദേശം മിതമായ ചരിവ് മുതൽ മിതമായ കുത്തനെയുള്ള ചരിവ് വരെ (5–15%)

താഴ്ന്ന ഭാഗങ്ങൾ: ഏകദേശം നിരപ്പ് മുതൽ ലഘുവായ ചരിവ് (0–5%)

ഉയർന്ന ഭാഗങ്ങൾ: സമുദ്രനിരപ്പിൽ നിന്ന് 75 മീറ്റർ ഉയരത്തിൽ

മധ്യ ഭാഗങ്ങൾ: സമുദ്രനിരപ്പിൽ നിന്ന് 7.5 മീറ്റർ മുതൽ 75 മീറ്റർ ഉയരത്തിൽ

താഴ്ന്ന ഭാഗങ്ങൾ: സമുദ്രനിരപ്പിൽ നിന്ന് 7.5 മീറ്ററിലും താഴെ

### 4. നീരൊഴുക്ക്

നീർത്തടത്തിലൂടെ ഒഴുകുന്ന പ്രധാന നദി 46 കിലോമീറ്റർ നീളമുള്ള കാഞ്ഞിരമുക്ക് നദിയാണ്. നദി ചാഴിയാട്ടിരിക്ക് സമീപമുള്ള ഒരു കുന്നിൽ നിന്ന് ഉത്ഭവിച്ച് പടിഞ്ഞാറ് ദിശയിൽ ഒഴുകി അറബിക്കടലിൽ പതിക്കുന്നു. പുഴയുടെ പ്രധാന കൈവഴിയാണ് പുട്ടൻ തോട്. നീരൊഴുക്ക് ഡെൻഡ്രിറ്റിക് മാതൃകയിലാണ് കാണപ്പെടുന്നത്.

### 5. ഭൂവിജ്ഞാനീയം

നീർത്തടത്തിന്റെ ഭൂരിഭാഗം ഭൂപ്രദേശങ്ങളും ആർക്കിയൻ ഭൂവിഭാഗത്തിൽ ഉൾപ്പെടുന്നു. ഉയർന്ന മേഖലകളിൽ കാണപ്പെടുന്ന പ്രധാന ശിലവിഭാഗങ്ങൾ ക്വാർട്സ്–ഫെൽഡ്സ്പാർ–ഹൈപ്പർ സ്റ്റീൻ ഗ്രാനുലൈറ്റ്, ലാറ്ററൈറ്റ് എന്നിവയാണ്. നീർത്തടത്തിന്റെ മധ്യമേഖലയിലും ഉയർന്ന മേഖലകൾക്ക് സമാനമായ ശിലവിഭാഗങ്ങൾ തന്നെയാണ് കണ്ടുവരുന്നത്. നീർത്തടത്തിന്റെ താഴ്ന്ന ഭാഗങ്ങളിൽ അലൂവിയവും തീരദേശ മണ്ണുമാണ് പ്രധാനമായും കാണപ്പെടുന്നത്.

### 6. ജലസമ്പത്ത്

ഈ നീർത്തടത്തിലെ പ്രധാന നദി കാഞ്ഞിരമുക്ക് നദിയാണ്. ഇതിന് ഒരു പോഷകനദി മാത്രമേയുള്ളൂ. നീർത്തടത്തിന്റെ പടിഞ്ഞാറ് ഭാഗത്താണ് വിയ്യം കായലും കനോലി കനാലും സ്ഥിതി ചെയ്യുന്നത്

### 7. ഭൂഗർഭ ജലസമ്പത്ത്

ഭൂഗർഭജലത്തിന്റെ 65% ൽ താഴെ മാത്രമേ ഉപയുക്തമാകുന്നുള്ളൂ. നീർത്തടത്തിന്റെ താഴ്ന്ന പ്രദേശങ്ങളിൽ ആഴം കുറഞ്ഞതോ മിതമായ ആഴത്തിലുള്ളതുമായ ജലവിതാനമാണ് കാണപ്പെടുന്നത്. മധ്യമേഖലയിലെ ജലവിതാനം മിതമായ ആഴം കുറഞ്ഞതാണ്. നീർത്തടത്തിന്റെ മുകൾഭാഗവും മധ്യഭാഗവും വലിയ വ്യാസമുള്ള കുഴൽക്കിണറുകൾക്കും താഴ്ന്ന പ്രദേശങ്ങൾ ഇടത്തരം ശേഷിയുള്ള കുഴൽക്കിണറുകൾക്കും അനുയോജ്യമാണ്. താഴ്ന്ന പ്രദേശങ്ങളിലെ ചില സ്ഥലങ്ങളിൽ ഫിൽട്ടർ പോയിന്റ് കിണറുകളും അനുയോജ്യമാണ്

### 8. ചെറുനീർത്തടങ്ങൾ

കാഞ്ഞിരമുക്ക് നീർത്തടത്തെ 20 ഉപ നീർത്തടങ്ങളായും 37 ചെറു നീർത്തടങ്ങളായും തിരിച്ചിട്ടുണ്ട്

### 9. പ്രശ്നങ്ങൾ

ഭൂവിനിയോഗ ബോർഡ് തയ്യാറാക്കിയ നീർത്തട അറ്റ്ലസ് പ്രകാരം നദിതടത്തിലെ പ്രധാന പ്രശ്നങ്ങളായി രേഖപ്പെടുത്തിരിയിക്കുന്നതു താഴെ പറയുന്നവയാണ്.

- നീർത്തട പ്രദേശത്തിന്റെ നദിയോരങ്ങൾ മണ്ണൊലിപ്പിന് വിധേയമാകുന്നുണ്ട്. മധ്യമേഖലകളിലും താഴന്ന പ്രദേശങ്ങളിലും മണ്ണൊലിപ്പിന്റെ തീവ്രത കൂടുതലായി കാണപ്പെടുന്നു

## വിശദമായ പദ്ധതി രേഖ

### ഡി പി ആറിന്റെ ലക്ഷ്യങ്ങൾ

- സമൂഹത്തിന്റെ എല്ലാ വിഭാഗങ്ങളിൽ നിന്നുള്ള ആളുകളെയും തല്പര കക്ഷികളെയും ഉൾക്കൊള്ളിച്ച് കൊണ്ട് ലളിതവും യുക്തിസഹവും സാമൂഹിക സൗഹൃദപരവും സമഗ്രവുമായ സുസ്ഥിര വികസനം ലക്ഷ്യം വെച്ചുള്ള പദ്ധതികൾ തയ്യാറാക്കുക
- ദുർലഭമായ വിഭവങ്ങളുടെ ഉത്തമ ഉപയോഗത്തിനായി ഉപജീവന വിശകലനത്തിലൂടെ ഉപജീവന പദ്ധതി വികസിപ്പിക്കുക
- പദ്ധതി പ്രദേശത്തെ കാർഷികോല്പാദനം മെച്ചപ്പെടുത്തുന്നതിനുള്ള വിശദമായ പദ്ധതി കൾ ആവിഷ്കരിക്കുക
- പദ്ധതി പ്രദേശത്തെ ചെറു സംരംഭങ്ങളെ ശക്തിപ്പെടുത്തുക.
- വിവിധ വകുപ്പുകളിലെ പദ്ധതി പ്രദേശത്തെ സാമ്പത്തിക സ്രോതസ്സുകൾ കേന്ദ്രീകരിക്കുന്നതിനായി വകുപ്പുകളുടെയും സാങ്കേതിക വിദഗ്ധരുടെയും ഒരു മാനേജ്മെന്റ് ഗ്രിഡ് ഉണ്ടാക്കുക

### പ്രവർത്തന രീതികൾ

ഡിപിആർ തയ്യാറാക്കുന്നതിന് താഴെ പറയുന്ന രീതിയാണ് സ്വീകരിച്ചത്

**1. പദ്ധതി പ്രദേശത്ത് ബന്ധം സ്ഥാപിക്കൽ**

പദ്ധതി പ്രദേശത്തു പ്രവർത്തിക്കുന്ന വികസന വകുപ്പുകളുടെ പ്രതിനിധികളെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു സാങ്കേതിക സമിതി രൂപീകരിച്ചു. പദ്ധതി മേഖലയുടെ ആവശ്യങ്ങൾ മനസ്സിലാക്കുന്നതായി സാങ്കേതിക സമിതി ആത്മാർത്ഥമായ പരിശ്രമം നടത്തുകയുണ്ടായി. സാങ്കേതിക സമിതി, പദ്ധതിയുടെ ഉപഭോക്താക്കൾക്ക് മുന്നിൽ പദ്ധതിയെക്കുറിച്ച് വിശദീകരിക്കുകയും വിവിധ തലത്തിലുള്ള ചർച്ചകളിലൂടെയും ഫീൽഡ് സന്ദർശനത്തിലൂടെയും സാങ്കേതിക സമിതിയുടെ ഉപസമിതികൾ പദ്ധതി പ്രദേശത്തെയും അവിടത്തെ സമൂഹത്തെയും, അവരുടെ സാംസ്കാരിക, സാമൂഹിക, സാമ്പത്തിക സ്ഥിതിയെയും കുറിച്ച് മനസ്സിലാക്കുകയും ചെയ്തു. ഇതു വഴി പദ്ധതി പ്രദേശവുമായി നല്ലൊരു ബന്ധം സ്ഥാപിക്കാൻ കഴിഞ്ഞു

**2. യോഗങ്ങൾ**

പദ്ധതി പ്രദേശത്തെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി സാങ്കേതിക സമിതി നിരവധി യോഗങ്ങൾ സംഘടിപ്പിച്ചു. വികസന വകുപ്പുകളിൽ നിന്നുള്ള നോഡൽ ഓഫീസർമാർ യോഗത്തിൽ പങ്കെടുക്കുകയും അവരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പങ്കുവെക്കുകയും ചെയ്തു

**3. പ്രോജക്ട് ഏരിയയുടെ വിഷയ ഭൂപടങ്ങൾ വികസിപ്പിക്കുക**

സാങ്കേതിക സമിതിയ്ക്ക് കീഴിൽ രൂപീകരിച്ച ഉപസമിതി പദ്ധതി പ്രദേശത്തിന്റെ വിവിധ വിഷയ ഭൂപടങ്ങൾ ജ്യോഗ്രഫിക്കൽ ഇൻഫർമേഷൻ സിസ്റ്റം (ജി ഐ എസ്), റിമോട്ട് സെൻസിംഗ് എന്നീ സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് കൊണ്ട് വികസിപ്പിച്ചെടുത്തു. പദ്ധതി പ്രദേശത്തിന്റെ അടിസ്ഥാന സവിശേഷതകൾ മനസ്സിലാക്കാൻ ഈ ഭൂപടങ്ങൾ സഹായിക്കുന്നു. ഇവയുടെ വിശദാംശങ്ങൾ വരും/തുടർന്നുള്ള അധ്യായങ്ങളിൽ നൽകിയിരിക്കുന്നു

**4. ഡെസ്ക് റിസർച്ച്**

പ്രസക്തമായ രേഖകൾ, റിപ്പോർട്ടുകൾ, വിലയിരുത്തലുകൾ എന്നിവക്കായുള്ള ചിട്ടയായതും കേന്ദ്രീകൃതവുമായ ഒരു ഡെസ്ക് റിസർച്ചും ഇന്റർനെറ്റ് വഴിയുള്ള അന്വേഷണവും തുടർന്ന് അവലോകനവും ഡിപിആർ തയ്യാറാക്കുന്ന സമയത്ത് ചെയ്യുകയുണ്ടായി.

**5. ഡാറ്റയുടെ പ്രോസസ്സിംഗും വിശകലനവും**

പ്രാഥമിക-ദ്വിതീയ ഉറവിടങ്ങളിൽ നിന്നും ശേഖരിച്ച എല്ലാ വിവരങ്ങളും ഡെസ്ക് നിരൂപണങ്ങളും വിശകലനം ചെയ്യുകയും ചെയ്തു. ഡാറ്റയുടെ വിശകലനത്തിൽ നിന്നുള്ള കണ്ടെത്തലുകൾ പദ്ധതിയുടെ വിഷൻ ഡോക്യുമെന്റ്, കർമ്മ പദ്ധതി എന്നിവ വികസിപ്പിക്കുന്നതിന് ഉപയോഗിച്ചു

**6. ഡിപിആർ എഴുതൽ**

ഒൻപതു സബ് ഗ്രൂപ്പുകൾ സമർപ്പിച്ച വിശദാംശങ്ങൾ ഉൾപ്പെടുത്തി ഒരു സമഗ്ര പദ്ധതി രേഖ സാങ്കേതിക സമിതി തയ്യാറാക്കി.

മണ്ഡലത്തിലെ എല്ലാ ഗ്രാമ പഞ്ചായത്ത് അംഗങ്ങൾക്കും നിശ്ചിത ചോദ്യാവലി നൽകി ഓരോ വാർഡിലും ഏറ്റെടുക്കേണ്ട പ്രകൃതി വിഭവ സംരക്ഷണ പ്രവർത്തനങ്ങളുടെ വിവരങ്ങൾ ശേഖരിച്ചിരുന്നു. ഇത് ക്രോഡീകരിച്ച ജനപ്രതിനിധികൾക്ക് തിരികെ നൽകുകയും ശില്പശാലയിൽ പങ്കെടുത്ത വിവിധ ഉദ്യോഗ

സ്ഥരുടെ സാങ്കേതിക അഭിപ്രായങ്ങൾ കൂടി ആരാഞ്ഞ് നിർദ്ദേശങ്ങളിൽ ആവശ്യമായ തിരുത്തലുകളും കൂട്ടിച്ചേർക്കലുകളും നടത്തി ടി നിർദ്ദേശങ്ങളും ഡി.പി.ആർ ന്റെ ഭാഗമാക്കി യിട്ടുണ്ട്

### 7. ഗ്രാമസഭയിൽ പദ്ധതി പങ്കിടൽ

ഗ്രാമപഞ്ചായത്തിന്റെ ആക്ഷൻ പ്ലാൻ അതത് പ്രദേശങ്ങളിലെ ബന്ധപ്പെട്ട ഗ്രാമ സഭയിൽ പങ്കുവെക്കുന്നതിനുള്ള നടപടികൾ സാങ്കേതിക സമിതി സ്വീകരിക്കുന്നതാണ്

മണ്ഡലത്തിലെ ജനപ്രതിനിധികളെ വിളിച്ച് ചേർത്ത് യോഗം ചേരുകയും റിപ്പോർട്ട് ചർച്ച ചെയുകയും യോഗത്തിൽ ഉയർന്നു വന്ന നിർദ്ദേശങ്ങൾ പദ്ധതി രേഖയിൽ ഉൾക്കൊ ള്ളിക്കുകയും ചെയ്തു.

## ശക്തി – പരിമിതികൾ കണ്ടെത്തൽ (SWOT ANALYSIS)

ഒരു പദ്ധതി ഫലപ്രദമായി ആസൂത്രണം ചെയ്യുന്നതിനും വിജയകരമായി നടപ്പിലാക്കുന്നതിനും അതിന്റെ ശക്തികൾ, പരിമിതികൾ, സാധ്യതകൾ ഭീഷണികൾ എന്നിവയെ സംബന്ധിച്ച സ്പഷ്ടവും വിപുലവുമായ അവലോകനം ഒരു അത്യാവശ്യ ഘടകമാണ്. പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ സ്പഷ്ടീകരിക്കുന്നതോടൊപ്പം ഇവ കൈവരിക്കുന്നതിനായുള്ള പ്രയാണത്തിൽ നേരിടാൻ സാധ്യതയുള്ള ആന്തരികവും ബാഹ്യവുമായ ഘടകങ്ങളെ കണ്ടെത്തുന്നതിനും ഇത് സഹായിക്കും. അതോടൊപ്പം പദ്ധതി വിജയിപ്പിക്കുവാൻ കഴിയുന്ന ഘടകങ്ങളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിനും ഉണ്ടാകാവുന്ന ഭീഷണികളെ കണ്ടെത്തി തരണം ചെയ്യുന്നതിനും ഇതിലൂടെ കഴിയുന്നതാണ്. ശരിയായ അവലോകനത്തിനും വിശകലനത്തിനും ശേഷമാണ് പദ്ധതിയുടെ ലക്ഷ്യങ്ങൾ ക്രമപ്പെടുത്തുന്നതെങ്കിൽ അവ വിജയകരമായും സമയബന്ധിതമായും നേടിയെടുക്കുവാൻ കഴിയുന്നതാണ്

| | |
|---|---|
| ശക്തികൾ (Strengths) | പദ്ധതി നടത്തിപ്പ് സഹായകരമാക്കാൻ സാധ്യതയുള്ള ആന്തരിക ഘടകങ്ങൾ |
| പരിമിതികൾ (Weakness) | പദ്ധതി നിർവ്വഹണം തടസ്സപ്പെടുത്തുവാൻ സാധ്യതയുള്ള ആന്തരിക ഘടകങ്ങൾ |
| സാധ്യതകൾ (Opportunities) | പദ്ധതി നിർവ്വഹണം വിജയകരമാക്കുവാൻ സഹായിക്കുന്ന ബാഹ്യ ഇടപെടലുകൾ |
| ഭീഷണികൾ (Threats) | പദ്ധതി നിർവ്വഹണം തടസ്സപ്പെടുത്തുന്ന ബാഹ്യ ഇടപെടലുകൾ |

പദ്ധതി രേഖ തയ്യാറാക്കുന്നതിനായി നടത്തിയ SWOT അനാലിസിസിന്റെ വിവരങ്ങൾ താഴെ നൽകിയിരിക്കുന്നു.

### ശക്തികൾ

1. ജനകീയ സംവിധാനത്തിലൂടെയുള്ള നടത്തിപ്പ്
2. പ്രദേശത്തെ വികസന വകുപ്പുകളിൽ നിന്നും സാങ്കേതിക സഹായം ലഭ്യമാക്കൽ.
3. ഭൂവിനിയോഗബോർഡിന്റെ സഹായത്തോടെ ശാസ്ത്രീയ ആസൂത്രണം.
4. പദ്ധതിയുടെ ആസൂത്രണം, ഏകോപനം, സംഘാടനം എന്നിവയ്ക്കായുള്ള ജില്ലാ, നിയോജക മണ്ഡല, ബ്ലോക്ക്, ഗ്രാമ, സംഘടനാ സംവിധാനങ്ങൾ.
5. വിവിധ വകുപ്പുകളുമായുള്ള സംയോജന സാധ്യതകൾ
6. പദ്ധതി നിർവ്വഹണ ഏജൻസിയിലെ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും പ്രദേശവാസികളുമായുള്ള ഊഷ്മള ബന്ധം.

### പരിമിതികൾ

1. അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത.
2. ബ്ലോക്ക്, ഗ്രാമ തലത്തിൽ സാങ്കേതിക പരിജ്ഞാനമുള്ളവരുടെ കുറവ്.
3. പരിമിതമായ മനുഷ്യവിഭവം ഉപയോഗിച്ച് നിരവധി പ്രവർത്തനങ്ങൾ ഏറ്റെടുത്തിരിക്കുന്നു.
4. പദ്ധതിയുടെ സുഗമമായ നടത്തിപ്പിനാവശ്യമായ പരിശീലനങ്ങൾ നൽകുവാൻ കഴിയുന്ന പരിശീലന കേന്ദ്രങ്ങളുടെ കുറവ്.

### സാധ്യതകൾ

1. പദ്ധതി നിർവ്വഹണ ഏജൻസിയായ ബ്ലോക്ക്, ഗ്രാമ പഞ്ചായത്തുകൾക്ക് സർക്കാരിന്റെ വിവിധ പദ്ധതികളുമായി സുസ്ഥിര തൃത്താല പദ്ധതിയെ സംയോജിപ്പിക്കുവാൻ കഴിയും.
2. നിലവിലുള്ളതും രൂപീകരിക്കുന്നതുമായ സംഘടനാ സംവിധാനങ്ങളായ കുടുംബശ്രീ അയൽക്കൂട്ടങ്ങൾ, സുസ്ഥിര ക്ലബ്ബുകൾ സ്വയം സഹായ സംഘങ്ങൾ തുടങ്ങിയവയിലൂടെയുള്ള ഏകോപനം.

3. നൂതന സാങ്കേതിക വിദ്യകളുടെ ഉപയോഗത്തിലൂടെ മികച്ച റിപ്പോർട്ടിംഗും സുതാര്യതയും ഉറപ്പു വരുന്നു.
4. വിവിധ തട്ടുകളിൽ മേൽനോട്ട സമിതികൾ നിലവിലുള്ളതിനാൽ പ്രശ്ന പരിഹാരം വേഗത്തിലാക്കുന്നതിനു കഴിയും.

## ഭീഷണികൾ

1. കാലാവസ്ഥ വ്യതിയാനവും കാലംതെറ്റിയുള്ള മഴയും വിഭാവനം ചെയ്യുന്ന പദ്ധതികളുടെ വിജയത്തെ ബാധിക്കും.
2. പദ്ധതി നിർവ്വഹണ ഏജൻസിയായ ബ്ലോക്കിലേയും ഗ്രാമ പഞ്ചായത്തിലെയും ജനപ്രതിനിധികൾക്കു മറ്റ് വിഷയങ്ങൾ ഉണ്ടാകുമ്പോൾ ഈ പദ്ധതിയെ തഴയുവാനുള്ള സാഹചര്യം.
3. നിലവിലെ കാർഷിക വിളകളുടെ വിലത്തകർച്ചയും ഉൽപാദന ചെലവും തൊഴിലാളി ദൗർലഭ്യവും.
4. ജനകീയ സംവിധാനത്തിലൂടെയുള്ള നടത്തിപ്പ് ആകയാൽ അനാവശ്യ രാഷ്ട്രീയ ഇടപെടലുകൾക്ക് സാധ്യത.

# വിഭവ അവലോകനം

## പൊതു വിവരണം

പാലക്കാട് ജില്ലയിലെ വടക്ക് പടിഞ്ഞാറു ഭാഗത്തായി പട്ടാമ്പി താലൂക്കിൽ ഉൾപ്പെടുന്ന 19417.00 ഹെക്ടറാണ് തൃത്താല നിയോജക മണ്ഡലം. തൃത്താല നിയോജക മണ്ഡലത്തിൽ ഭാരതപ്പുഴ നദീതടത്തിലെ 5 ചെറുനീർത്തടങ്ങളും കാഞ്ഞിരമുക്ക് നദീതടത്തിലെ 5 ചെറുനീർത്തടങ്ങളും കീച്ചേരി നദീതടത്തിലെ 9 ചെറുനീർത്തടങ്ങളുമാണ് ഉൾപ്പെട്ടിരിക്കുന്നത്. വടക്ക് തിരുവേഗപ്പുറ, മുതുതല ഗ്രാമ പഞ്ചായത്തുകളും പട്ടാമ്പി നഗരസഭയും കിഴക്ക് ദേശമംഗലം, വരവൂർ ഗ്രാമ പഞ്ചായത്തുകളും തെക്ക് ആലങ്കോട്, കടവല്ലൂർ, കടങ്ങോട് ഗ്രാമ പഞ്ചായത്തുകളും പടിഞ്ഞാറ് തവനൂർ, വട്ടംകുളം, ആലങ്കോട് ഗ്രാമ പഞ്ചായത്തുകളുമാണ് സ്ഥിതി ചെയ്യുന്നത്.

തൃത്താല നിയോജക മണ്ഡലത്തിൽ തൃത്താല ബ്ലോക്കിലെ ആനക്കര, ചാലിശ്ശേരി, കപ്പൂർ, നാഗലശ്ശേരി, പട്ടിത്തറ, തിരുമ്മിറ്റിക്കോട്, തൃത്താല ഗ്രാമപഞ്ചായത്തുകളും പട്ടാമ്പി ബ്ലോക്കിലെ പരുതൂർ ഗ്രാമപഞ്ചായത്തുമാണ് ഉൾപ്പെട്ടിരിക്കുന്നത്. പദ്ധതി പ്രദേശം 76°1'34" മുതൽ 76°12'18" വരെ ഉത്തര രേഖാംശത്തിനും 10°42'35" മുതൽ 10°51'27" വരെ കിഴക്ക് അക്ഷാംശത്തിനും ഇടയിലാണ് സ്ഥിതി ചെയ്യുന്നത്. തൃത്താല നിയോജക മണ്ഡലം നിരവധി ചെറുകുന്നുകളും താഴ്വരകളും നിറഞ്ഞ ഒരു സാധാരണ കാർഷിക ഗ്രാമ മാണ്. 194.17 ച.കി.മി വിസ്തീർണ്ണമുള്ള തൃത്താല നിയോജക മണ്ഡലത്തിന്റെ ജനസംഖ്യ 2011 കാനേഷുമാരി പ്രകാരം 227469 ആണ്. ഇതിൽ 120249 (52.86 %) സ്ത്രീകളും 107220 (47.14 %) പുരുഷൻമാരുമാണ്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട 40570 ജനങ്ങളിൽ 20679 (50.97 %) സ്ത്രീകളും 19891 (49.03 %) പുരുഷൻമാരും ഉണ്ട്. പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട 395 ജനങ്ങളിൽ 218 (55.18 %) സ്ത്രീകളും 177 (44.82 %) പുരുഷൻമാരും ഉണ്ട്. തൃത്താല നിയോജക മണ്ഡലത്തിലെ സ്ത്രീപുരുഷ അനുപാതം 1120:1000 ആണ്. നിയോജക മണ്ഡലത്തിലെ ജനസാന്ദ്രത 1171 ആണ്. ഇടത്തരം കർഷക രും കർഷക തൊഴിലാളികളും ചെറുകിട വ്യവസായി കളുമാണ് നിയോജക മണ്ഡലത്തിലെ ഭൂരിഭാഗം ജനങ്ങളും. പദ്ധതി പ്രദേശത്ത് ഉൾപ്പെടുന്ന ഗ്രാമപഞ്ചായത്തുകൾ, വിസ്തീർണ്ണം എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ജില്ല | ബ്ലോക്ക് പഞ്ചായത്ത് | പഞ്ചായത്ത് | വിസ്തൃതി (Ha) |
|---|---|---|---|
| പാലക്കാട് | പട്ടാമ്പി | പരുതൂർ | 2113.02 |
| | തൃത്താല | ആനക്കര | 2164.39 |
| | | ചാലിശ്ശേരി | 1928.20 |
| | | കപ്പൂർ | 2348.30 |
| | | നാഗലശ്ശേരി | 2605.75 |
| | | പട്ടിത്തറ | 2725.15 |
| | | തിരുമിറ്റക്കോട് | 3288.83 |
| | | തൃത്താല | 2243.38 |
| ആകെ | | | **19417.02** |

നിയോജക മണ്ഡലത്തിന്റെ തെക്ക് കിഴക്ക് ഭാഗത്തായി സംസ്ഥാനപാതയും വടക്കു ഭാഗത്തായി റെയിൽവേയും കടന്ന് പോകുന്നു. നിയോജക മണ്ഡലത്തിലെ വിവിധ സ്ഥലങ്ങ

ളെ ദേശീയ പാതയുമായി ബന്ധിപ്പിക്കുന്ന നിരവധി റോഡുകൾ ഉണ്ട്. നിയോജക മണ്ഡലത്തിലെ പ്രധാന സ്ഥലം കൂറ്റനാട് ആണ്. പദ്ധതി പ്രദേശത്തെ കർഷകരുടെ പ്രധാന ജീവനോപാധികൾ കൃഷി, മൃഗസംരക്ഷണം, ചെറുകിട വ്യവസായങ്ങൾ, സ്വയംതൊഴിൽ സംരംഭങ്ങൾ എന്നിവയാണ്.

തൃത്താല നിയോജക മണ്ഡലത്തിൽ വിവിധ ഭാഗങ്ങളിൽ നിന്നായി ഉൽഭവിക്കുന്ന നിരവധി ചെറുതോടുകൾ ഒഴുകി മണ്ഡലത്തിന്റെ വടക്ക് അതിർത്തിയിൽ കൂടി ഒഴുകുന്ന ഭാരതപ്പുഴയിലും വടക്ക് അതിർത്തിയോട് ചേർന്ന് ഒഴുകുന്ന കാഞ്ഞിരമുക്ക് നദിയിലും എത്തിച്ചേരുന്നു. ശരാശരി സമുദ്രനിരപ്പിൽ ഏകദേശം 260 മീറ്റർ വരെ ഉയർന്ന പ്രദേശങ്ങൾ ഈ നിയോജക മണ്ഡലത്തിൽ ഉണ്ട്. കേരളത്തിന്റെ ഭൂപ്രകൃതിയെ അടിസ്ഥാനമാക്കി ഇടനാടിലാണ് ഈ പ്രദേശത്തെ ഉൾപ്പെടുത്തിയിരിക്കുന്നതെങ്കിലും കിഴക്കും തെക്ക് കിഴക്കും പ്രദേശങ്ങൾ ഉന്നതി അനുസരിച്ച് മലനാട് ഭാഗത്തിലാണ് ഉൾപ്പെട്ടുന്നത്. നോർത്ത് സെൻട്രൽ ലാറ്ററൈറ്റ് കാർഷിക പാരിസ്ഥിതിക മേഖലയിൽപെടുന്ന തൃത്താല നിയോജക മണ്ഡലത്തിലെ പ്രധാന കൃഷി തെങ്ങാണ്.

## ഭൂപ്രകൃതി

കേരളത്തിന്റെ ഭൂപ്രകൃതിയെ അടിസ്ഥാനമാക്കി തൃത്താല നിയോജക മണ്ഡലത്തിന്റെ സ്ഥാനം ഇടനാട്ടിലാണെങ്കിലും കിഴക്കും തെക്ക് കിഴക്കും പ്രദേശങ്ങൾ പ്രദേശങ്ങൾ ഉന്നതി അനുസരിച്ച് മലനാട് മേഖലയിൽ സ്ഥിതി ചെയ്യുന്നു. ഉയരം കൂടിയ കുന്നുകളേയും അവയ്ക്കിടയിലെ താഴ്വരകളെയും ഉൾകൊള്ളുന്ന മലനാട്, നിമ്നോന്നതമായിക്കിടക്കുന്ന ഇടനാട് എന്നിങ്ങനെയാണ് നിയോജക മണ്ഡലത്തിന്റെ ഭൂപ്രകൃതി. മധ്യഭാഗത്തും തെക്ക കിഴക്ക് അതിരുകളും ഉയരം കൂടിയ കുന്നുകളാണ്. നിയോജക മണ്ഡലത്തിന്റെ കിഴക്കുഭാഗത്ത് ക്രമേണ ഉയരം കുറഞ്ഞ നിലയിൽ കാണപ്പെടുന്ന ഇവ വടക്കതിരിൽ എത്തുമ്പോഴേക്കും താരതമ്യേന ഉയരം കുറഞ്ഞ മേടുകളായിത്തീരുന്നു. മലമടക്കുകളുടെ തുടർച്ചയായുള്ള കുന്നിൻ നിരകളും താഴ്വാരങ്ങളും തീരസമതലത്തോളം വ്യാപിച്ചുകിടക്കുന്നു. നിയോജക മണ്ഡലത്തിന്റെ പടിഞ്ഞാറ് അരികിലേക്കു നീങ്ങുന്തോറും ഭൂമിയുടെ ചായ്വാനത്തിൽ കുറവുണ്ടായി ഏതാണ്ട് സമതല പ്രകൃതി കൈവരിക്കുന്നു. ഭൂജലനിക്ഷേപം കുറവുള്ള ഒരു മേഖലയിലാണ് നിയോജക മണ്ഡലത്തിന്റെ കിടപ്പ്. കാർഷികാവശ്യങ്ങൾക്കും ഇതരോപഭോഗങ്ങൾക്കും ഉതകുന്ന ജലസമൃദ്ധങ്ങളായ കുളങ്ങൾ നിയോജക മണ്ഡലത്തിലെമ്പാടും കാണാം. ആറുകളും അവയുടെ വിവിധ കൈവഴികളും, തോടുകളും നിയോജക മണ്ഡലത്തിൽ സമ്പുഷ്ടമാണ്

## സാമൂഹിക സാംസ്കാരിക അവസ്ഥ

മൈസൂർ രാജാക്കന്മാരും സാമൂതിരിമാരും മാറിമാറി കൈവശം വെച്ചുപോന്ന ഈ പ്രദേശം പിൽക്കാലത്തു ബ്രിട്ടീഷ് മലബാറിന്റെഭാഗമായി. സുപ്രസിദ്ധമായ മേഴത്തോൾ (മേഴത്തൂർ), വൈദികപണ്ഡിതന്മാരായ ഭട്ടികളുടെ സൈദ്ധാന്തിക വേദൻ നിലയിൽ ഭട്ടിത്തറ(തറ) എന്ന് വിളിക്കപ്പെട്ടുപോന്ന ഇന്നത്തെ പട്ടിത്തറ, പന്നിയൂർ ക്ഷേത്രത്തിന്റെ നാടായ, ആനക്കര ബാലികർമവേദി എന്ന നിലയിൽ പുണ്യ സ്ഥലമായ (തിരുസ്ഥലി) നിളാ തീരത്തെ തൃത്താല, വേദാന്തപണ്ഡിതനായ ഉദണ്ഡ കേസരിയെ തോൽപ്പിച്ച കാക്കശ്ശേരിയുടെ ജന്മഭൂമിയായികരുതപ്പെടുന്ന ചാലിശ്ശേരി സംസ്കൃത വ്യാകരണപഠനകേന്ദ്രമായിരുന്ന കൂടല്ലൂർ ഗുരുകുലം, അവിടെ കളിയാടുന്ന നാഗരാജശ്രീയുടെ പേരിൽ പ്രസിദ്ധമായ നാഗലശ്ശേരി എന്നിങ്ങനെ പൈതൃകം സ്ഥലനാമങ്ങളിലൂടെ തന്നെ വെളിവാക്കുന്നു. മദ്രാസ് പ്രസിഡൻസിയുടെ ഭാഗമായി മാറുന്നതിനു മുൻപ്, ഈ പ്രദേശം മൈസൂർ രാജാക്കന്മാരും, സാമൂതിരിമാരും മാറി മാറി കൈവശം വെച്ച് പോന്നു. പിന്നീട് മലബാർ ഡിസ്ട്രിക്ട് ബോർഡിന്റെ കീഴിൽ പൊന്നാനി താലൂക്കിൽ ഉൾപ്പെട്ട തൃത്താല 1969–ൽ മലപ്പുറം ജില്ലാ രൂപീകരണത്തോടെ ഒറ്റപ്പാലം താലൂക്കിന്റെ ഭാഗമായി മാറി

സമസ്ത ജനവിഭാഗങ്ങളും ഐക്യത്തോടും പരസ്പര സഹകരണത്തോടും അധിവസിക്കുന്ന

മേഖലയാണ് തൃത്താല നിയോജക മണ്ഡലം. 2011 സെൻസസ് പ്രകാരം പുരുഷൻമാരെക്കാൾ കൂടുതലായുള്ളത് സ്ത്രീകളാണ്. വയോജനങ്ങളുടെ എണ്ണത്തിലും പ്രകടമായ വർദ്ധനവ് കാണാൻ കഴിയും. വയോജനങ്ങൾ ഇന്ന് നേരിടുന്ന പ്രശ്നങ്ങൾ നിരവധിയാണ്. വയോജനങ്ങളുടെ ക്ഷേമത്തിനും സംരക്ഷണത്തിനും ഉള്ള പദ്ധതികൾ കൂടുതലായി തയ്യാറാക്കേണ്ടതാണ്. കൂടാതെ പൊതുസമൂഹത്തിന്റെയും സന്നദ്ധ സംഘടനകളുടേയും ശ്രദ്ധയും ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതാണ്. പട്ടികജാതി കോളനികളിൽ ബഹുഭൂരിഭാഗം എണ്ണത്തിലും റോഡ്, വൈദ്യുതി തുടങ്ങിയവ ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്. നിലവിലുള്ള അവസ്ഥയിൽ നിന്നും സമൂഹത്തിന്റെ മുഖ്യധാര യിലേക്ക് കൊണ്ടുവരുന്നതിനാവശ്യമായ പ്രവർത്തനങ്ങളും ഏറ്റെടുക്കേണ്ടതുണ്ട്.

നിയോജക മണ്ഡലത്തിലെ വനിതകളിൽ കൂടുതലും വീട്ടമ്മമാരും കൂലിപ്പണിക്കാരുമാണ്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വനിതാ സ്വയം സഹായ ഗ്രൂപ്പുകൾ രൂപീകരിച്ച് റിവോൾവിംഗ് ഫണ്ട്, അവർക്ക വേണ്ട പരിശീലനം, സ്വയം സഹായ സംഘങ്ങൾ ഉൽപാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിന് അടിസ്ഥാന സൗകര്യ വികസന ഫണ്ട് ഉപയോഗിച്ച സ്റ്റാളുകൾ എന്നിവ നടപ്പിലാക്കി വരുന്നു.

ആരോഗ്യമേഖലയിൽ നാം നേടിയ നേട്ടങ്ങൾ നില നിൽക്കണമെങ്കിൽ രോഗ പ്രതിരോധത്തിലൂടെയുള്ള ആരോഗ്യനയം രൂപീകരിക്കണം. നാം തുടച്ചുമാറ്റിയ പല രോഗങ്ങളും ഇപ്പോൾ പുതിയ രൂപത്തിൽ കണ്ടു വരുന്നു. അതിനാൽ രോഗ പ്രതിരോധ കേന്ദ്രങ്ങളായി ആരോഗ്യസ്ഥാപനങ്ങളെ മാറ്റണം.

പരിസ്ഥിതി മലിനീകരണം നമ്മൾ അഭിമുഖീകരിച്ചു കൊണ്ടിരിക്കുന്ന ഒരു വലിയ പ്രശ്നമാണ്. മാർക്കറ്റ് മാലിന്യങ്ങൾ, അറവുശാല മാലിന്യങ്ങൾ തുടങ്ങിയ പൊതു മാലിന്യങ്ങളും വീടുകളിൽ നിന്ന് തള്ളുന്ന ജൈവ-അജൈവ പ്ലാസ്റ്റിക് മാലിന്യങ്ങളും വലിയ പാരിസ്ഥിതിക പ്രശ്നങ്ങളും ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങളും ഉണ്ടാക്കുന്നു. മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനു വേണ്ടി ബോധവൽകരണ ക്ലാസ്സുകളും, സെമിനാറുകളും സംഘടിപ്പിച്ചു വരുന്നു.

പ്രദേശത്തെ ദുർബല ജനവിഭാഗങ്ങളുടെ സമഗ്രമായ മുന്നേറ്റമെന്ന അടിസ്ഥാന വികസന സങ്കൽപത്തിലൂന്നിനിന്നുള്ള വികസന തന്ത്രമാണ് ഏറ്റെടുക്കേണ്ടത്. ഭൂമിയും പ്രകൃതി സമ്പത്തും നെൽവയലുകളും പരിസ്ഥിതിയും സംരക്ഷിച്ചുള്ള സമഗ്ര വികസനമാണ് ലക്ഷ്യം വയ്ക്കേണ്ടത്.

സാംസ്കാരികമായി വളരെയധികം പാരമ്പര്യം അവകാശപ്പെടാവുന്ന പ്രദേശമാണ് ഇത്. നാനാജാതിമതസ്ഥർ ഐക്യത്തോടെയും പരസ്പര വിശ്വാസത്തോടെയും അധിവസിക്കുന്ന ഒരു മേഖലയാണിത്. പുതിയതലമുറ മയക്കു മരുന്നിനു കീഴ്പെടുന്ന കാഴ്ച വേദനയോടെ മാത്രമേ കാണാൻ കഴിയൂ. മദ്യം, മയക്കുമരുന്ന് എന്നിവയ്ക്കെതിരെ വ്യാപകമായ ബോധവൽക്കരണ പരിപാടികൾ നടത്തുന്നുവെങ്കിലും അതിന്റെ ഫലപ്രാപ്തി എത്രത്തോളമാണെന്ന് വിലയിരു ത്തേണ്ടിയിരിക്കുന്നു. സമ്പൂർണ്ണമായ മദ്യവർജ്ജനവും ലഹരിവസ്തുക്കളുടെ നിരോധനവും ആവശ്യമാണെങ്കിലും ഇതിനു വേണ്ടി ശക്തമായ ഇടപെടൽ ഉണ്ടാകേണ്ടതാണ്. കുടുംബത്തേയും സമൂഹത്തെയും വളരെയധികം ശിഥിലമാക്കുന്നതിന് ഇവ കാരണമായിട്ടുണ്ടെന്നുള്ളത് തർക്കമില്ലാത്ത കാര്യമാണ്.

തൊഴിലില്ലായ്മ, കാർഷികമേഖലയുടെ തകർച്ച എന്നിവയെല്ലാം തന്നെ മേഖലയിലെ പ്രതിശീർഷ വരുമാനം കുറക്കുന്നതിന് കാരണമായിട്ടുണ്ട്. ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതിയിലൂടെ നിരവധി കുടുംബങ്ങൾക്ക് പരിമിതമായ തോതിലെങ്കിലും വരുമാനം ലഭ്യമാകുന്നുണ്ട്. കൂടാതെ രൂക്ഷമായ വിലക്കയറ്റം കുടുംബങ്ങളുടെ സാമ്പത്തിക നില കൂടുതൽ പരിങ്ങലിലാക്കുന്നു. അതിനാൽ മേഖലയിലെ കുടുംബങ്ങളുടെ സാമ്പത്തിക സ്ഥിരത കൈവരിക്കുന്നതിനുള്ള പദ്ധതികൾ തദ്ദേശ സ്ഥാപനങ്ങളും സർക്കാരും ആവിഷ്കരിക്കേണ്ടതാണ്. നിർദ്ധന കുടുംബങ്ങളിലെ യുവതി യുവാക്കൾക്ക് തൊഴിൽ പരിശീലനം നൽകുന്നതിലൂടെയും ചെറുകിടയൂണിറ്റുകൾ ആരംഭിക്കുന്നതിലൂടെയും ഒരു പരിധിവരെ സാമ്പത്തിക നില മെച്ചപ്പെടുത്താൻ കഴിയും.

# സാമൂഹിക സാമ്പത്തിക സ്ഥിതി

ഒരു പ്രദേശത്തെ വികസനാസൂത്രണത്തിൽ അവിടുത്തെ ലിംഗം, പ്രായം, തൊഴിൽ, സാക്ഷരത മുതലായവയെ അടിസ്ഥാനമാക്കി യുളള ജനസംഖ്യാ ഘടനയും ഘടനയിലെ മാറ്റങ്ങളും അപഗ്രഥന വിധേയമാക്കേണ്ടതുണ്ട്. 2011-ലെ സെൻസസ് പ്രകാരം തൃത്താല നിയോജക മണ്ഡലത്തിലെ ആകെയുള്ള ജനസംഖ്യയായ 227469 പേരിൽ 120249 പേർ സ്ത്രീകളും 107220 പേർ പുരുഷൻമാരുമാണ്. നിയോജക മണ്ഡലത്തിലെ സ്ത്രീപുരുഷ അനുപാതം 1120:1000 ആണ്. 2011-ലെ സെൻസസ് പ്രകാരമുള്ള തൃത്താല നിയോജക മണ്ഡലത്തിന്റെ വിശദാംശങ്ങൾ പട്ടികയിൽ നൽകിയിരിക്കുന്നു

| പഞ്ചായത്ത് | House holds | Male | Female | Total | SC male | SC female | SC Total | ST male | ST female | ST Total |
|---|---|---|---|---|---|---|---|---|---|---|
| ആനക്കര | 5214 | 11623 | 13076 | 24699 | 2616 | 2716 | 5332 | 19 | 22 | 41 |
| പട്ടിത്തറ | 6962 | 15657 | 17500 | 33157 | 3308 | 3437 | 6745 | 51 | 36 | 87 |
| കപ്പൂർ | 6519 | 14579 | 16758 | 31337 | 1946 | 1996 | 3942 | 15 | 29 | 44 |
| ചാലിശ്ശേരി | 5352 | 11379 | 12859 | 24238 | 1925 | 1982 | 3907 | 24 | 34 | 58 |
| നാഗലശ്ശേരി | 6262 | 13168 | 14438 | 27606 | 2734 | 2858 | 5592 | 15 | 23 | 38 |
| തിരുമിറ്റക്കോട് | 6945 | 15102 | 16896 | 31998 | 2353 | 2474 | 4827 | 31 | 37 | 68 |
| തൃത്താല | 5879 | 13115 | 14681 | 27796 | 2607 | 2647 | 5254 | 7 | 12 | 19 |
| പരുതൂർ | 5410 | 12597 | 14041 | 26638 | 2402 | 2569 | 4971 | 15 | 25 | 40 |

| No. | പഞ്ചായത്ത് | 2011 | | | | 2020 | | | |
|---|---|---|---|---|---|---|---|---|---|
| | | ജനസംഖ്യ | പുരുഷൻ | സ്ത്രീ | SC | ജനസംഖ്യ | പുരുഷൻ | സ്ത്രീ | SC |
| 1 | ആനക്കര | 24699 | 11623 | 13076 | 5332 | 27199 | 12785 | 14414 | 5866 |
| 2 | ചാലിശ്ശേരി | 24238 | 11379 | 12859 | 3907 | 27874 | 13085 | 14789 | 4393 |
| 3 | കപ്പൂർ | 31337 | 14579 | 16758 | 3942 | 33261 | 16049 | 17212 | 3991 |
| 4 | നാഗലശ്ശേരി | 26115 | 12443 | 13672 | 5484 | 27606 | 13168 | 14438 | 5592 |
| 5 | പരുതൂർ | 26638 | 12597 | 14041 | 4971 | 29613 | 14864 | 14749 | 6247 |
| 6 | പട്ടിത്തറ | 29942 | 14299 | 15643 | 6390 | 38540 | 18323 | 20217 | 10250 |
| 7 | തിരുമിറ്റക്കോട് | 33309 | 15968 | 17341 | 5409 | 34305 | 16448 | 17857 | 5610 |
| 8 | തൃത്താല | 27796 | 13115 | 14681 | 5254 | 31965 | 15082 | 16883 | 6042 |



## കാലാവസ്ഥ

കേരളത്തിലെ പാലക്കാട് ജില്ലയുടെ കിഴക്ക ഭാഗത്ത് കേരളത്തിന്റെ കിഴക്കൻ അതിർത്തി യിൽ, പശ്ചിമഘട്ടത്തിൽ ഉള്ള വിടവാണ് പാലക്കാടൻ ചുരം. കേരളത്തെ തമിഴ്നാട്ടി ലേക്കും ഇന്ത്യയുടെ മറ്റ് ഭാഗങ്ങളിലേക്കും ബന്ധിപ്പിക്കുന്ന പ്രധാന ഇടനാഴിയാണ്. ഈ വിടവ് പടിഞ്ഞാറോട്ടൊഴുകുന്ന ഭാരതപ്പുഴയെ രൂപപ്പെടുത്തുന്ന തോടുകളുടെയും അരുവി കളുടെയും ശൃംഖലയെ പിന്തുണയ്ക്കുന്നു, സംസ്ഥാനത്തിന്റെ, പ്രത്യേകിച്ച് പാലക്കാട് സമതലത്തിന്റെ കാലാവസ്ഥയിൽ പാലക്കാട് വിടവ് നിർണായക പങ്ക് വഹിക്കുന്നു. ഈ വിടവ് കോയമ്പത്തൂരിലെ മിതമായ കാലാവസ്ഥയെ രൂപപ്പെടുത്തുകയും തെക്ക്-പടിഞ്ഞാറൻ മൺസൂൺ സീസണിൽ ഈർപ്പം നിറഞ്ഞ മൺസൂൺ കാറ്റ് കടന്നുപോകാൻ അനുവദിക്കുന്നതിലൂടെ തമിഴ്നാടിന്റെ മറ്റ് ഭാഗങ്ങളെ അപേക്ഷിച്ച് ഈ പ്രദേശത്ത് ശ്രദ്ധേയമായ മഴ നൽകുകയും ചെയ്യുന്നു. മറുവശത്ത്, കേരളത്തിലെ പാലക്കാട് സമതലത്തിലെ വേനൽക്കാല താപനില യെയും ഈ വിടവ് വളരെയേറെ സ്വാധീനി ക്കുന്നു. പാലക്കാട് സമതലങ്ങളിലെ മൊത്തം വാർഷിക മഴ കേരളത്തിലെ മൊത്തം വാർഷിക മഴയേക്കാൾ കുറവാണ്. പ്രത്യേക ഭൂമിശാസ്ത്രപരമായ സ്ഥാനം കാരണം, പാലക്കാട് സമതലങ്ങളിലെ കാലാവസ്ഥയെ കേരളത്തിലെ ഈർപ്പമുള്ള കാലാവസ്ഥയും തമിഴ്നാട്ടിലെ കോയമ്പത്തൂർ സമതലങ്ങളിലെ കൂടുതൽ വരണ്ട കാലാവസ്ഥയും വളരെ യധികം സ്വാധീനിക്കുന്നു. കോയമ്പത്തൂർ ജില്ലയുമായി നേരിട്ട് ബന്ധിപ്പിക്കുന്ന 41 കി. മീ. വീതിയുള്ള ഒരു സമതലപ്രദേശമാണ്.

| Year | J | F | M | A | M | J | J | A | S | O | N | D | Total |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 1989 | 0 | 0 | 1 | 87.8 | 92.6 | 844.8 | 438 | 254.6 | 239.8 | 295.3 | 46.8 | 0 | 2300.7 |
| 1991 | 35.6 | 0 | 0 | 137 | 75 | 879.8 | 993.9 | 497.4 | 110.9 | 456 | 67.8 | 0 | 3253.4 |
| 1992 | 0 | 0 | 0 | 37.2 | 89.8 | 799.6 | 788.2 | 469.9 | 244.3 | 318.5 | 238.5 | 0 | 2986 |
| 1993 | 0 | 54.7 | 2.4 | 9.3 | 163.6 | 734.8 | 699.1 | 314.1 | 47 | 297.2 | 113.9 | 7.2 | 2443.3 |
| 1994 | 0 | 0 | 32.1 | 249.6 | 66.1 | 825.5 | 1012.8 | 386.4 | 195.9 | 409.3 | 85.7 | 0 | 3263.4 |
| 1995 | 0 | 0 | 6.5 | 76.6 | 185.9 | 583.2 | 836.8 | 383.9 | 248.7 | 140 | 189.2 | | 2650.8 |
| 1996 | 0 | 0 | 65.8 | 75.4 | 68.7 | 386.1 | 579.3 | 226.4 | 338.8 | 300 | 43 | 14.2 | 2097.7 |
| 1997 | 0 | 0 | 7.1 | 5.6 | 80.7 | 510.1 | 1194.3 | 453.6 | 236.6 | 230.9 | 273.7 | 72 | 3064.6 |
| 1998 | 0 | 0.6 | | 40.2 | 134.2 | 679 | 590.7 | 397.3 | 448.3 | 316.8 | 44.1 | 37.3 | 2688.5 |
| 1999 | 0 | 0 | 0.4 | 37.8 | 467.2 | 757 | 788.8 | 150.6 | 39.8 | 278.3 | 29.9 | 0.8 | 2550.6 |
| 2000 | 0 | 9.5 | | 56.4 | 47.4 | 602.6 | 327 | 518.2 | 146.1 | 197.6 | 82.3 | 42 | 2029.1 |
| 2001 | 0 | 51.6 | | 155.3 | 142 | 791.2 | 497.8 | 225.8 | 162.5 | 239.8 | 143.9 | 0 | 2409.9 |
| 2002 | 0 | 0 | 2.7 | 57.9 | 222.6 | 471.9 | 376.4 | 422.7 | 51.6 | 376.3 | 70.8 | 0 | 2052.9 |
| 2003 | 0 | 90.6 | 62.6 | 182.4 | 19.8 | 503.6 | 403.6 | 232.4 | 81 | 354.6 | 44.8 | 19.2 | 1994.6 |
| 2004 | 0 | 0 | 4.1 | 105 | 463.3 | 689.7 | 337.1 | 486 | 122.2 | 305.2 | 42.6 | 0 | 2555.2 |
| 2005 | 21 | 45 | 0 | 238.2 | 101.4 | 567.6 | 736.6 | 271.8 | 471.7 | 121.1 | 126.2 | 112.9 | 2813.5 |
| 2006 | 0 | 0 | 36.1 | 16.7 | 396.6 | 690.4 | 470.9 | 431.2 | 500.6 | 352.9 | 133.9 | 0 | 3029.3 |
| 2007 | 0 | 0 | 0 | 53.9 | 184.8 | 728.2 | 1303.5 | 469.4 | 599 | 297.4 | 34.4 | 6 | 3676.6 |
| 2008 | 0 | 46.9 | 117.5 | 7.6 | 73.2 | 535.1 | 322.7 | 182.3 | 302 | 312.9 | 7.6 | 0 | 1907.8 |
| 2009 | 278.3 | 258.2 | 257.4 | 205 | 206.7 | 147.4 | 56.8 | 166 | 133 | 186.3 | 178.2 | 233.8 | 2307.1 |
| 2010 | 0 | 0 | 0 | 114.5 | 130.5 | 681.2 | 572.5 | 273.4 | 174.1 | 0 | 0 | 0 | 1946.2 |
| 2011 | 0 | 20 | 21 | 172.2 | 108.4 | 759 | 456.9 | 452.1 | 388.6 | 229.7 | 147 | 0 | 2754.9 |
| 2012 | 0 | 0 | 0.3 | 104.4 | 42.5 | 459.7 | 297.8 | 489.3 | 220.2 | 234.9 | 74.6 | 6.2 | 1929.9 |
| 2013 | 0 | 79.5 | 55.2 | 0 | 19.8 | 934.3 | 895.9 | 262.3 | 242.6 | 155.2 | 104.6 | 0.2 | 2749.6 |
| 2014 | 0 | 0 | 0 | 23.8 | 167.4 | 423 | 623.7 | 608.4 | 238.2 | 360.7 | 78.3 | | 2523.5 |
| 2015 | 0 | 0 | 59.2 | 139.4 | 203.9 | 435.5 | 429.6 | 201.4 | 229.4 | 317.8 | 194.2 | 101.5 | 2311.9 |
| 2016 | 0 | 0 | 0 | 0.3 | 191.7 | 480.6 | 344.6 | 120.2 | 92.8 | 59.6 | 4.1 | 34.3 | 1328.2 |
| 2017 | 0 | 0 | 42.3 | 1.62 | 190.6 | 550.5 | 354.4 | 412.9 | 291.2 | 64.2 | 101.7 | 35.4 | 2044.82 |
| 2018 | 0 | 46.3 | 68.4 | 48 | 407.1 | 790.2 | 713 | 670.5 | 38.3 | 185.9 | 10.6 | 1.4 | 2979.7 |

തൂത്താല മണ്ഡലത്തിൽ ലഭിച്ച കഴിഞ്ഞ 30 വർഷത്തെ വാർഷികവും മാസം തിരിച്ചുമുള്ള മഴയുടെ അളവ് – (Source: RARS പട്ടാമ്പി, IRTC )

ഓരോ സീസണിലും ലഭിച്ച വാർഷിക മഴയുടെ വിശകലനം

താഴെ കാണിച്ചിരിക്കുന്ന ഗ്രാഫ് പ്രകാരം ജൂൺ മുതൽ ആഗസ്റ്റ് വരെയുള്ള തെക്ക് പടിഞ്ഞാറൻ മൺസൂൺ സമയത്താണ് തൂത്താല മണ്ഡലത്തിൽ ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത്







| Year | Annual rainfall (mm) | % Deviation from Normal | Category | Year | Annual rainfall (mm) | % Deviation from Normal | Category |
|---|---|---|---|---|---|---|---|
| **1989** | 2300.7 | -8.41 | Normal | **2004** | 2555.2 | 1.72 | Normal |
| **1991** | 3253.4 | 29.51 | Excess | **2005** | 2813.5 | 12 | Above normal |
| **1992** | 2986 | 18.87 | Above normal | **2006** | 3029.3 | 20.59 | Excess |
| **1993** | 2443.3 | -2.74 | Normal | **2007** | 3676.6 | 46.36 | Excess |
| **1994** | 3263.4 | 29.91 | Excess | **2008** | 1907.8 | -24.05 | Deficit |
| **1995** | 2650.8 | 5.52 | Normal | **2010** | 1946.2 | -22.52 | Deficit |
| **1996** | 2097.7 | -16.49 | Below normal | **2011** | 2754.9 | 9.67 | Normal |
| **1997** | 3064.6 | 22 | Above normal | **2012** | 1929.9 | -23.17 | Deficit |
| **1998** | 2688.5 | 7.03 | Normal | **2013** | 2749.6 | 9.46 | Normal |
| **1999** | 2550.6 | 1.54 | Normal | **2014** | 2523.5 | 0.46 | Normal |
| **2000** | 2029.1 | -19.22 | Below normal | **2015** | 2311.9 | -7.97 | Normal |
| **2001** | 2409.9 | -4.07 | Normal | **2016** | 1328.2 | -47.13 | Deficit |
| **2002** | 2052.9 | -18.28 | Below normal | **2017** | 2044.82 | -18.6 | Below normal |
| **2003** | 1994.6 | -20.6 | Deficit | **2018** | 2979.7 | 18.62 | Above normal |

ഇന്ത്യൻ മെറ്റീരിയോളജിക്കൽ ഡിപ്പാർട്ട്മെന്റ് (IMD) ക്ലാസ്സിഫിക്കേഷൻ പ്രകാരം ,ഒരു പ്രത്യേക വർഷത്തിൽ ലഭിക്കുന്ന മഴ LPA യുടെ + 19% നുള്ളിൽ ആണെങ്കിൽ, ആ വർഷത്തെ ഒരു സാധാരണ(Normal) മഴ വർഷമായി വിളിക്കുന്നു, LPA യുടെ <-19% മുതൽ -59% വരെ ആണെങ്കിൽ ആ വർഷത്തെ മഴ ദൌർലഭ്യ (Deficit) വർഷമായും, LPA യുടെ <-59% ആണെങ്കിൽ ആ

